**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ഉത്തരത്തിലെ തിരുത്ത്**

XII-ാം കേരള നിയമസഭയുടെ VIII-ാം സമ്മേളനത്തിലെ 2008 ജൂലായ് 10-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 383-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവിലെ തിരുത്തിയ ഉത്തരം ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് മേശപ്പുറത്ത് വച്ചു.

**അടിയന്തിരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: കിളിരൂർ, കവിയൂർ കേസുകളുടെ ഫയൽ പൂഴ്ത്തി എന്ന ആരോപണത്തെ സംബന്ധിച്ച് സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം ചെയർ

പരിശോധിച്ചു. പ്രസ്തുത ആരോപണം മുഖ്യമന്ത്രിതന്നെ നിഷേധിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ ചെയർ അനുവദിക്കുകയാണ്.

**ശ്രദ്ധ ക്ഷണിക്കൽ**

(1) എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇൻഡ്യയിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ ധാരാളം ക്രിയാത്മകമായ നിർദ്ദേശങ്ങളാണുള്ളത്. മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിലെ വിദ്യാഭ്യാസപരമായ അപര്യാപ്തതയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും നിമിത്തം വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വൈദ്യുതി തുടങ്ങിയ മേഖലകളിൽ ഈ പ്രദേശങ്ങൾ പിന്നിട്ടു നിൽക്കുന്നുവെന്നത് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. പട്ടികജാതി/പട്ടിക വർഗ്ഗക്കാരേക്കാൾ നേരിയ തോതിൽ മാത്രമാണ് മുസ്ലീങ്ങൾക്ക് മുന്നേറാൻ കഴിഞ്ഞതെന്നും ഉന്നത സാങ്കേതിക രംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് ഈ വിഭാഗത്തെ വളരെയേറെ ബാധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. വിദ്യാഭ്യാസ രംഗത്ത് വളരെയേറെ വളർച്ച കൈവരിച്ചു എന്നു പറയുന്ന കേരളത്തിൽപോലും മുസ്ലീം വിഭാഗത്തിന് അതിനനുസൃതമായി വളരാൻ സാധിച്ചിട്ടില്ല എന്നാണ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ പറയുന്ന കാര്യങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ

നടപ്പിലാക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട പാലോളി കമ്മിറ്റി ഉപരിപഠന രംഗത്തെ മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം മുസ്ലീം പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടു കൂടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും മൂല്യച്യുതി വന്നേയ്ക്കുമോ എന്ന് ഭയപ്പെട്ട് വിദൂര പഠനത്തിന് പെൺകുട്ടികൾ യാത്ര ചെയ്യാൻ തയ്യാറാകാത്തതുമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ മുസ്ലീം ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിൽ പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടിയ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഹോസ്റ്റൽ സൗകര്യങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത, യാത്രാ പ്രശ്നം തുടങ്ങിയവമൂലം മുസ്ലീം പെൺകുട്ടികൾ ഹൈസ്ക്കൂൾ തലത്തിൽ വച്ചുതന്നെ പഠനം നിറുത്തുന്നതുകൊണ്ട് വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടുകൂടി യുള്ള പ്രത്യേക പഠന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം പാലോളി കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിർദ്ദേശം പരിഗണിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള എൽ.ബി.എസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കുമാത്രമായി ടെക്നിക്കൽ സ്കൂൾ, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ്, വിവിധ പാർട്ട്-ടൈം അനൗപചാരിക കോഴ്സുകൾ എന്നിവയടങ്ങുന്ന ഒരു സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയി

ട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 11-ാം പദ്ധതിക്കാലത്ത് ഇത്തരം സ്ഥാപനങ്ങൾക്കായി 6200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രത്തിന്റെ കൂടി സഹായം നേടിയെടുത്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു പഠന സമുച്ചയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പിന്നോക്കാവസ്ഥയിലുള്ള മുസ്ലീം വനിതകൾക്കുകൂടി ഈ സൗകര്യം പ്രയോജനപ്പെടണമെന്ന നിലയിൽ മലപ്പുറം ജില്ലയിൽത്തന്നെ ഈ സ്ഥാപനം തുടങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിനനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ ഗൗരവത്തോടു കൂടി പരിഗണിക്കുന്നതാണ്.

(2) <u>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം</u>

<u>ശ്രീ. രാജു എബ്രഹാം</u>: കേരളത്തിലെ മുഴുവൻ മോട്ടോർ തൊഴിലാളി കൾക്കും ദ്രോഹപരമായിട്ടാണ് 2005-ൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമവും മോട്ടോർ വാഹന നികുതി നിയമവും ഭേദഗതി ചെയ്തത്. വാഹന ഉടമകൾ കൊടുക്കുന്ന ലിസ്റ്റ് പ്രകാരം മാത്രമാണ് തൊഴിലാളികളെ ക്ഷേമ നിധിയിൽ രജിസ്റ്റർ ചെയ്യുന്നത്. 17 ലക്ഷത്തിലധികം മോട്ടോർ തൊഴിലാളി കളുള്ളതിൽ 10 ലക്ഷത്തിൽ താഴെ തൊഴിലാളികൾ മാത്രമാണ് ഈ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളത്. അടിയന്തിരമായി മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി ചെയ്യാനും ഒരു ഗവൺമെന്റ് ഉത്തരവിലൂടെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വിവിധ തൊഴിലാളി-തൊഴിലുടമാ പ്രതിനിധിക ളുടെ ഒരു ഉന്നതതല യോഗം വിളിക്കാനും സർക്കാർ തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2005-ലെ നിയമം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ഈ ഗവൺമെന്റ് ഇടപെട്ട് ആ സ്റ്റേ നീക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 201951 തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. തൊഴിലുടമകൾ നികുതിയോടൊപ്പമാണ് അവരുടെ വിഹിതം അടയ്ക്കുന്നത്. ക്ഷേമനിധി പദ്ധതി സാമാന്യം വിജയകരമായിത്തന്നെയാണ് മുന്നോട്ടു പോകുന്നതെങ്കിലും ഈ രംഗത്ത് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി തൊഴിലാളി പ്രതിനിധികളും തൊഴിലുടമാ പ്രതിനിധികളും പരസ്പരം ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അപാകതകൾ പരിഹരിച്ച് ഏറ്റവും നല്ല ക്ഷേമനിധി പദ്ധതിയായി ഈ ക്ഷേമനിധി മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. വിവിധ തൊഴിലാളി-ഉടമാ പ്രതിനിധികളുടെ ഉന്നതതല യോഗം വിളിക്കാൻ സർക്കാർ തയ്യാറാണ്.

**സബ്മിഷൻ**

(1) കിളിരൂർ/കവിയൂർ സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ്: കേരളത്തിന്റെ മന:സാക്ഷിയെ ഞെട്ടിച്ച കിളിരൂർ/കവിയൂർ സംഭവങ്ങൾ ഒരുപോലെ കാണണം. കിളിരൂർ കേസ്സിലെ പെൺകുട്ടിയായ ശാരിയുടെ പിതാവ് മുഖ്യമന്ത്രിക്ക് കൊടുത്ത പരാതിയുടെ പകർപ്പ് ലഭ്യമാക്കുന്നതിന് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടപ്പോൾ ശാരിയുടെ മാതാപിതാക്കളിൽനിന്നും സർക്കാരിന് പരാതി ലഭിച്ചതായി കാണുന്നില്ലെന്നും മുഖ്യമന്ത്രിയുടെ ഓഫീസിൽ പബ്ളിക് ഇൻഫർമേഷൻ

ഓഫീസർ ഇല്ലെന്നുമാണ് മറുപടി ലഭിച്ചത്. ഈ കേസ് സംബന്ധിച്ച തെളിവുകൾ പൂഴ്ത്തിവയ്ക്കാൻ ശ്രമിക്കുന്നതിന്റെ നിജസ്ഥിതി വ്യക്തമാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കിളിരൂർ സ്വദേശിയായ ശാരി എസ്. നായർ എന്ന പെൺകുട്ടി പീഡനത്തിന് വിധേയമായി കോട്ടയം തെള്ളകം മാതാ ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാകുകയും മരണമടയുകയും ചെയ്തതിന്റെ പേരിൽ കുമരകം പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയായിരുന്നു. എന്നാൽ ഇന്ത്യൻ ശിക്ഷാനിയമം 109, 212, 420 എന്നീ വകുപ്പുകൾ കൂടി ഉൾപ്പെടുത്തി കേസ്സന്വേഷണം 31-1-2005-ന് സി.ബി.ഐ.ക്ക് കൈമാറി. സി.ബി.ഐ. നൽകിയ കുറ്റപത്രപ്രകാരം കോടതി പുനരന്വേഷണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-8-2007-ൽ ഒൻപത് പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചു. പ്രസ്തുത കേസ്സിന്റെ അന്വേഷണം സി.ബി.ഐ.യിലെ ഉയർന്ന ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് 31-7-2006-നും 25-2-2008-നും ശാരി എസ് നായരുടെ പിതാവിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. സിബി.ഐ. അന്വേഷിക്കുന്ന പ്രസ്തുത കേസ്സിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയില്ല. ഈ കേസ് സംബന്ധിച്ച് ഒരു രേഖയും ഗവൺമെന്റ് പൂഴ്ത്തി വച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് എന്തു വിശദീകരണം നൽകാനും ഗവൺമെന്റ് തയ്യാറാണ്. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് അവസാനിപ്പിക്കണം.

(2) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. രാജാജി മാത്യു തോമസ്: കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും പൂർണ്ണമായും സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെന്ന നിലയ്ക്ക് പെൻഷൻ പദ്ധതിമൂലം ഉണ്ടാകുന്ന സാമ്പത്തികബാദ്ധ്യത കൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാകാത്ത തരത്തിലുള്ള ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) വികലാംഗരായ ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോസഫ് എം. പുതുശ്ശേരി: എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ ജോലി ലഭിച്ച വികലാംഗരായ മുഴുവൻ ജീവനക്കാരെയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 30-11-2007-ലെ ഉത്തരവ് പ്രകാരം പ്രസ്തുത കാലയളവിൽ ജോലി ചെയ്ത കുറച്ച് വികലാംഗർ സർവ്വീസിൽ

പ്രവേശിച്ചു കഴിഞ്ഞു. ഒഴിവുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഇനി നിയമിക്കപ്പെടേണ്ട വികലാംഗരായ ഉദ്യോഗാർത്ഥികളെ അതതു വകുപ്പുകളിലും സ്ഥാപനങ്ങളിലും ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

(4) നെൽക്കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. എം.എം.മോനായി: കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത നെൽവിത്ത് ഉപയോഗിച്ച് കൃഷി ചെയ്തതുമൂലം കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിലെ നെൽക്കർഷകർക്കുണ്ടായ നഷ്ടം നികത്താനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി ഉല്പാദിപ്പിച്ച് വിതരണം ചെയ്ത നെൽവിത്ത് ഉപയോഗിച്ച് കൃഷി ചെയ്തതുമൂലം പ്രായം എത്തുന്നതിനുമുമ്പ് കതിരുവരികയും അത് പതിരായി മാറുകയും ചെയ്തതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്താൻ ചുമതലപ്പെടുത്തിയ കാർഷിക സർവ്വ കലാശാലയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ആദിവാസി മേഖലകളിൽ പടർന്നു പിടിക്കുന്ന പനി

ശ്രീ. ജി. കാർത്തികേയൻ: ആര്യനാട് മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ഡങ്കിപ്പനി ഉൾപ്പെടെയുള്ള പനി പടർന്നു പിടിക്കുന്നത് തടയാൻ ആരോഗ്യവകുപ്പിലെ ഡോക്ടർമാരടങ്ങിയ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ആര്യനാട് മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ഡങ്കിപ്പനി പടർന്നു പിടിക്കുന്നത് തടയുന്നതിന് ആരോഗ്യവകുപ്പിലെ ഡോക്ടർമാരടങ്ങിയ ഒരു മെഡിക്കൽ ടീമിനെ നിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ജനിതക മാറ്റം വരുത്തിയ നെൽവിത്തിനങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങളിൽ ജനിതക മാറ്റം വരുത്തിയ നെൽ വിത്തിനങ്ങൾ പരീക്ഷിച്ചതുമായി ബന്ധപ്പെട്ട് ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും വന്നിട്ടുള്ള ഗുരുതരമായ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ജനിതകമാറ്റം വരുത്തിയ വിത്തുകൾ കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിലോ അല്ലാതെയോ കൃഷി ചെയ്യാൻ അനുവദിക്കുകയില്ല എന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഈ വിത്തിനങ്ങൾ പാലക്കാട്ട് പരീക്ഷണം നടത്തിയെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി അന്വേഷിക്കുകയും അത്തരം പരീക്ഷണങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തെ ഒരു ജീൻ ഫ്രീ സ്റ്റേറ്റ് ആയി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തെഴുതുകയും ഒരു പരീക്ഷണത്തിനും അനുമതി നൽകരുതെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജനിതകമാറ്റം വരുത്തിയ നെൽവിത്തിനങ്ങൾ കേരളത്തിലെ നെൽപ്പാടങ്ങളിൽ പരീക്ഷണം നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല അനുമതി നൽകിയിട്ടില്ല.

പട്ടാമ്പി നെൽ ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കിയ നെൽവിത്തിനങ്ങൾ കൈമാറ്റം ചെയ്യുന്ന കരാറിൽ കേരള കാർഷിക സർവ്വകലാശാല ഒപ്പിടുകയോ വിത്ത് കൈമാറുകയോ ചെയ്തിട്ടില്ലെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ കൃഷിവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.. സർക്കാരിനെ അറിയിച്ചശേഷം മാത്രമേ കേരള കാർഷിക സർവ്വകലാശാല വികസിപ്പിക്കുന്ന വിത്തിനങ്ങൾ ഗവേഷണസ്ഥാപനങ്ങൾക്കോ സർവ്വകലാശാലകൾക്കോ നൽകാൻ പാടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ജൈവവൈവിധ്യത്തേയും കാർഷിക വികസനത്തേയും നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ സർക്കാർ നിതാന്ത ജാഗ്രത പുലർത്തുന്നതാണ്.

(7) പിരിച്ചുവിട്ട തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. ബി. ബാബു പ്രസാദ്: രാജീവ്ഗാന്ധി തെർമൽ പവർ സ്റ്റേഷൻ നിലവിൽ വന്നതോടെ കായംകുളം കായൽ റിക്ലമേഷൻ സ്കീം നിറുത്തലാക്കിയതിനെത്തുടർന്ന് അവിടെനിന്നും പിരിച്ചുവിടപ്പെട്ട 750 തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 22-03-1989-ൽ കായംകുളം കായൽ ഫാമിന്റെ 362.9 ഹെക്ടർ സ്ഥലം താപനിലയം സ്ഥാപിക്കാനായി നാഷണൽ തെർമൽ പവർ കോർപ്പറേഷന് കൈമാറിയപ്പോൾ അവിടെ 883 തൊഴിലാളികൾ ഉണ്ടായിരുന്നു. 1989-ൽ മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ തൊഴിലാളികളെ എൻ.ടി.പി.സി. ഏറ്റെടുക്കാതെ വരുന്നപക്ഷം അവർക്ക് നിയമാനുസൃതം നൽകേണ്ട നഷ്ടപരിഹാരം നൽകണമെന്നും നഷ്ടപരിഹാരത്തിന് അർഹരാകാത്ത 15 വർഷം പൂർത്തിയാക്കിയ തൊഴിലാ

ളികൾക്ക് 240 പ്രവൃത്തി ദിവസത്തിന് 15 ദിവസത്തെ വേതനമെന്ന നിരക്കിൽ നഷ്ടപരിഹാരം നൽകണമെന്നും തീരുമാനിക്കുകയും സ്ഥിരം കാഷ്വൽ തൊഴിലാളികൾക്ക് 45,59,555 രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തു. കായംകുളം കായൽ ഫാമിൽ സർവ്വീസിൽ അവശേഷിക്കുന്ന 29 സ്ഥിരം തൊഴിലാളികളെ ക്ലാസ്സ്-4 ജീവനക്കാരായി ആലപ്പുഴ കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ളതും ഇനി ഉണ്ടാകുന്നതുമായ ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. കാഷ്വൽ തൊഴിലാളികൾക്ക് പെൻഷൻ നൽകുവാൻ നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്നില്ല. കാഷ്വൽ തൊഴിലാളികളുടെ പെൻഷൻ പൊതുവായി അംഗീകരിക്കപ്പെടുമ്പോൾ ഇവരുടെ കാര്യവും പരിഗണിക്കപ്പെടും. നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഗവൺമെന്റ് ഇവരുടെ കാര്യത്തിൽ അനുഭാവപൂർവ്വം പ്രവർത്തിക്കുന്നതാണ്.

(8) <u>സി.പി.ഐ.(എം) പ്രവർത്തകൻ കൊല്ലപ്പെട്ട സംഭവം</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: പേരാവൂർ നിയോജകമണ്ഡലത്തിലെ ഉരുവച്ചാലിൽ സജീവൻ എന്ന പാർട്ടി പ്രവർത്തകന്റെ കൊലപാതകത്തിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): മട്ടന്നൂരിൽ ഉരുവച്ചാലിൽ സജീവനെ കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം ഒരു കേസ്സും എൻ.ഡി.എഫ്. പ്രവർത്തകരെ പരിക്കേൽപ്പിച്ച സംഭവത്തിൽ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി

വരികയാണ്. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) കടമ്പനാട്-ഏഴംകുളം റോഡ് പണി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോടതിയിൽ കേസ്സുണ്ടെന്ന കാരണം പറഞ്ഞ് ചിലർ ബോധപൂർവ്വം തടസ്സപ്പെടുത്തിയ അടൂർ നിയോജക മണ്ഡലത്തിലെ കടമ്പനാട്-ഏഴംകുളം റോഡ് പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പുറമ്പോക്ക് ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് പരിസരവാസികൾ ഉയർത്തിയ തടസ്സവാദങ്ങൾമൂലമാണ് റോഡ് പണി നിറുത്തിവയ്ക്കേണ്ടിവന്നത്. സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയപ്പോൾ വന്ന പ്രശ്നങ്ങളെത്തുടർന്നാണ് കോടതിയിൽ കേസ് വന്നത്. സ്ഥലം വിട്ടുകൊടുക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടായശേഷം പ്രവൃത്തി ചെയ്താൽ മതിയെന്നാണ് ഒരു വിഭാഗം ആളുകൾ ഇപ്പോഴും പറയുന്നത്. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവർ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തുകയും പ്രശ്നപരിഹാരത്തിന് കഴിയുന്ന സാഹചര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു പൊതുധാരണ ഉണ്ടാക്കിയാൽ എത്രയും പെട്ടെന്ന് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്

.

(10) ത്വരീഖത്ത് പ്രസ്ഥാനങ്ങൾക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്ന പ്രചാരണം

ശ്രീ. പി.ടി. എ. റഹീം: നൂർഷാ ത്വരീഖത്ത് പ്രസ്ഥാനങ്ങൾക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്ന പ്രചാരണംമൂലം ത്വരീഖത്ത് പ്രസ്ഥാനം വളരെയധികം പ്രയാസം അനുഭവിക്കുന്നത് കണക്കിലെടുത്ത് അത് മാറ്റിയെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2008 ഒക്ടോബറിൽ കാശ്മീർ സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട നാലു പേർ ഹൈദ്രാബാദ് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന നൂർഷാ ത്വരീഖത്ത് എന്ന സംഘടനയുടെ മറവിൽ പ്രവർത്തിച്ചിരുന്നു എന്നാണ് നിയമസഭയിൽ പറഞ്ഞത്. പ്രസ്തുത സംഘടനയുടെ ഭാഗമായി പ്രവർത്തിച്ചിരുന്നു എന്ന സ്റ്റേറ്റ്മെന്റ് നിയമസഭയിൽ നടത്തിയിട്ടില്ല.

(11) ഇടിമിന്നലേറ്റ് മരണപ്പെട്ടവർക്ക് സഹായം

ശ്രീ. സി.കെ.പി. പദ്മനാഭൻ: സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തത്തിനിരയാകുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം ഇടിമിന്നലേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 12-ാം ധനകാര്യ കമ്മിഷൻ ശുപാർശകളിൽ ഇടിമിന്നലേറ്റുള്ള മരണം പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന ദുരന്തത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇടിമിന്നലേറ്റുള്ള മരണം പ്രകൃതി ക്ഷോഭംമൂലമുണ്ടാകുന്ന മരണമായി കണക്കാക്കണമെന്ന് നിരന്തരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയതിൽപ്പെടുത്തുകയും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ഇക്കാര്യം 13-ാം ധനകാര്യ കമ്മിഷനോടാവശ്യപ്പെട്ടിട്ടുമുണ്ട്.

ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇടിമിന്നലേറ്റ് മരണപ്പെട്ട 36 പേരുടെ കാര്യത്തിൽ പ്രകൃതി ക്ഷോഭംമൂലം മരണപ്പെട്ടു എന്ന റിപ്പോർട്ട് ലഭിക്കുകയാണെങ്കിൽ ധനസഹായമായ ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്.

(12) <u>അപ്പോളോ ടയേഴ്സിലെ ലോക്കൗട്ട്</u>

<u>ശ്രീ. വി.ഡി. സതീശൻ:</u> ലോക്കൗട്ടിലായ കളമശ്ശേരിയിലെ അപ്പോളോ ടയേഴ്സിലെ മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരമുണ്ടാക്കി കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> കളമശ്ശേരി അപ്പോളോ ടയേഴ്സ് നടത്തുന്ന പ്രീമിയർ ടയർ ലിമിറ്റഡ് എന്ന സ്ഥാപനം ലോക്കൗട്ടിലായതിനെത്തുടർന്ന്, പ്രാദേശിക എം.എൽ.എ. മാർ, യൂണിയൻ പ്രതിനിധികൾ, പ്രസ്തുത മാനേജ്മെന്റ് എന്നിവരുമായി തൊഴിലും എക്സൈസും വകുപ്പുമന്ത്രി മൂന്നു പ്രാവശ്യം ചർച്ച നടത്തിയെങ്കിലും പ്രശ്ന പരിഹാരമുണ്ടായില്ല. ലീഗൽ പ്രശ്നം കണക്കിലെടുക്കാതെ, പ്രസ്തുത സ്ഥലത്തെ ലോക്കൗട്ട് പ്രശ്നം പരിഹരിച്ച് കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(13) <u>പ്രാഥമികാരോഗ്യ കേന്ദ്രത്തിനായുള്ള കെട്ടിടം പണി</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> എം.പി. ഫണ്ടുപയോഗിച്ച് പണി ചെയ്യാൻ 2005-ൽ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച ആറ്റിങ്ങൽ കിഴുവിലം പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പണി എത്രയുംപെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): എം.പി. ഫണ്ടുപയോഗിച്ച് 8 ലക്ഷം രൂപ ചെലവഴിച്ച് 2005-ൽ കിഴുവിലം പി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണം നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചുവെങ്കിലും ആ സമയത്ത് സ്ഥലം വിട്ടു കൊടുക്കാൻ സാധിക്കാത്തതിനാൽ കെട്ടിടം പണി ആരംഭിച്ചില്ല. ഇപ്പോൾ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് കെട്ടിടം പണി പൂർത്തിയാക്കുന്നതാണ്.

(14) മൊത്തവ്യാപാര കേന്ദ്രങ്ങളുടെ പുന:സംഘടന

ശ്രീ. ബാബു പോൾ: യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ 1991-ൽ സംസ്ഥാനത്താരംഭിച്ച കൃഷി വകുപ്പിനുകീഴിലുള്ള ആറ് കാർഷിക മൊത്തവ്യാപാര കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നട പടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ.മാരും ഉദ്യോഗസ്ഥരും മാർക്കറ്റിന്റെ ചുമതലക്കാരും കളക്ടറും പങ്കെടുത്തുകൊണ്ട് ഒരു മീറ്റിംഗ് ഈ മാസം 11-ാം തീയതി ചേർന്നിരുന്നു. മാർക്കറ്റുകളെ യോജിപ്പിച്ചുകൊണ്ട് 1000-ത്തോളം കളക്ഷൻ സെന്ററുകൾ ഉണ്ടാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾ ഏറ്റെടുക്കാനും അവയെ ആക്ഷൻ സെന്ററുകളായി നിലനിർത്തുന്നതിനുമുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ സാമ്പത്തികവർഷംതന്നെ മാർക്കറ്റുകൾ പുതിയ തരത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(15) ദുരൂഹ മരണം

ശ്രീ. വർക്കല കഹാർ : അടുത്തകാലത്ത് നടന്ന രണ്ടുപേരുടെ മരണം സംബന്ധിച്ച് ഇപ്പോൾ നടക്കുന്ന അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ കേസ് അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് ഡിറ്റക്ടീവ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഊർജ്ജിതമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകുന്നതാണ്.

(16) അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : തീവ്രവാദി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സുരക്ഷ ശക്തമാക്കിയ സാഹചര്യത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : അന്യസംസ്ഥാനത്തുനിന്നും ധാരാളം ആളുകൾ സംസ്ഥാനത്തെ വിവിധ മേഖലകളിൽ പണിയെടുക്കുന്നുണ്ട്. ഇതിൽ ചിലരെ സംബന്ധിച്ച് ആക്ഷേപം വന്നതിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച ക്ലിയറൻസ് സർട്ടിഫിക്കറ്റ് തൊഴിൽ ദാതാക്കൾ ശേഖരിച്ച് വയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യാതൊരു പ്രവർത്തനവും പോലീസിന്റെ ഭാഗത്തുനി ന്നുമുണ്ടായിട്ടില്ല. ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ പേരിൽ

തൊഴിലാളിക്കോ, തൊഴിലുടമയ്ക്കോ ബുദ്ധിമുട്ടുള്ളതായി ഒരു പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. തീവ്രവാദി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളി കളെ കഷ്ടപ്പെടുത്തുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കില്ല. ഏഴിമല നാവിക അക്കാഡമിയിൽ പരിശോധന നടത്തിയപ്പോൾ അയ്യായിരത്തിൽപ്പരം അന്യസംസ്ഥാന തൊഴിലാളികൾ അവിടെ പണിയെടുക്കുന്നതുകണ്ട്. ഇവരെ നിരീക്ഷിക്കാനാവശ്യമായ ക്രമീകരണം ഉണ്ടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(17) <u>പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ</u>

<u>ശ്രീ. എം. മുരളി</u> : സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപന ങ്ങളിൽ പണിയെടുക്കുന്നതും സർക്കാർ പെൻഷൻ നൽകുന്നതുമായ തൊഴിലാളികളുടെ പെൻഷൻ പ്രായം ഏകീകരിക്കാനും ഇ.പി.എഫ്. പെൻഷൻ മാത്രം നൽകുന്ന തൊഴിലാളികളുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിക്കാനുമാവശ്യമായ തീരുമാനം കൈക്കൊള്ളണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u> : വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 55, 58 എന്നീ രണ്ട് തട്ടുകളിലാണ്. ഈ വേർതിരിവ് പരിഹരിക്കാനാ വശ്യമായ കൂടിയാലോചന നടത്തിവരുന്നുണ്ട്; താമസിയാതെ തീരുമാനമെടു ക്കുന്നതാണ്.

(18) <u>കരാർ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എ. എം. യൂസഫ്</u> : കളമശ്ശേരി എച്ച്. എം. ടി. യിൽ പണിയെടു ക്കുന്ന 400-ൽപ്പരം കരാർ തൊഴിലാളികൾക്ക് പാസ്സ് നിഷേധിച്ചതിന്റെ ഫല മായി തൊഴിൽ നഷ്ടപ്പെമായിരിക്കുകയാണ്. മാനേജ്മെന്റുമായി ചർച്ച

ചെയ്ത് തൊഴിൽപ്രശ്നം ഒത്തുതീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): എച്ച്. എം. ടി. യിലെ തൊഴിൽപ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(19) സ്കോളർഷിപ്പിനുള്ള അപേക്ഷകൾ

ശ്രീ. എൻ. രാജൻ : സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെത്തുടർന്ന് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ സമുദായത്തിലെ കുട്ടികൾക്ക് ആദ്യവർഷ പരീക്ഷയിലെ മാർക്ക് ലിസ്റ്റ് യഥാസമയം ലഭ്യമല്ലാത്തതിനാൽ തുടർ വർഷങ്ങളിലെ പഠനത്തിന് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷ നൽകാൻ കഴിയാത്തതിനാൽ ഇപ്പോഴുള്ള നിബന്ധനയിൽ ഇളവ് അനുവദിച്ച് സ്കോളർഷിപ്പ് ലഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 2008-09-ലെ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പിന് അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതി 31-07-2008 ആയിരുന്നു. പരീക്ഷ നടത്താനും ഫലം പ്രസിദ്ധീകരിക്കാനും വൈകിയതുകൊണ്ട് കുട്ടികൾക്ക് അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ല. അപേക്ഷ സമർപ്പിക്കാനുള്ള തീയതി പുന:ക്രമീകരിക്കാൻ നിർദ്ദേശിക്കുന്നതാണ്. അർഹതപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ട് ലഭിക്കാത്ത സ്ഥിതി ഉണ്ടാകുകയില്ല.

(20) <u>കൊച്ചി-പുല്ലേപ്പടി റെയിൽവേ മേൽപ്പാലം</u>

<u>പ്രൊഫ. കെ. വി. തോമസ്</u> : കൊച്ചി-പുല്ലേപ്പടി റെയിൽവേ മേൽപ്പാലത്തിന്റെയും സീപോർട്ട്-എയർപോർട്ട് റോഡ് കണക്ഷനിലെ മേക്കാപ്പറമ്പ് സബ് വേയുടെയും പണി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> കൊച്ചി, പുല്ലേപ്പടി അപ്രോച്ച് റോഡിന്റെ പണി ടാറിംഗുൾപ്പെടെ തീർന്നിട്ട് മൂന്നുവർഷമായെങ്കിലും റെയിൽവേയുടെ ഭാഗത്തുനിന്നും മേൽപ്പാലത്തിന്റെ പണികൾ നടക്കാത്തതാണ് പ്രശ്നമായിട്ടുള്ളത്. ഇത് പൂർത്തീകരിക്കുന്നതിനാവശ്യമായ ചർച്ചകൾ ഗവൺമെന്റ് തലത്തിൽ നടത്തുകയുണ്ടായി. മേക്കാപ്പറമ്പ് റെയിൽവേ തുരങ്കം പണിയുന്നതിന് റെയിൽവെ ആവശ്യപ്പെട്ട തുക കൊച്ചിൻ കോർപ്പറേഷൻ അടയ്ക്കുകയും പണി ആരംഭിക്കുന്നത് സംബന്ധിച്ച് റെയിൽവെയുടെ പ്രതിനിധികളുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായും സർക്കാർ ചർച്ച നടത്തുകയും ചെയ്തു. തുരങ്കം പണിയുമായി ബന്ധപ്പെട്ട ചില രേഖകൾ കോർപ്പറേഷൻ അധികൃതർ നൽകാനുണ്ടെന്നുള്ളതുകൊണ്ട് അതുകൂടി ലഭിച്ചാൽ ഉടൻതന്നെ ടെണ്ടർ ക്ഷണിക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. വെള്ളക്കെട്ട് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൊച്ചിൻ കോർപ്പറേഷനും റെയിൽവേയുടെ പ്രതിനിധികളും പൊതുമരാമത്ത് ഉദ്യോഗസ്ഥരുമായി സംയുക്തമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുവേണ്ടി ഒരു യോഗം കൊച്ചിയിൽ അടിയന്തിരമായി വിളിച്ചുചേർക്കുന്നതാണ്. റെയിൽവേയുടെ പ്രതിനിധികൾ വേണ്ട വിധത്തിലുള്ള ശ്രദ്ധയും താൽപര്യവും ഇക്കാര്യത്തിൽ

കാണിച്ചിട്ടില്ല എന്നത് ഗൗരവമേറിയ പ്രശ്നമാണ്. എത്രയുംവേഗം പുല്ലേപ്പടി മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(21) ചൂണ്ടൽ-കുറ്റിപ്പുറം റോഡ് നിർമ്മാണം

ശ്രീ. ബാബു എം. പാലിശ്ശേരി: കെ.എസ്.ടി.പി.-യിൽ അഞ്ചാറ് വർഷമായി പണിതുകൊണ്ടിരിക്കുന്ന ചൂണ്ടൽ-കുറ്റിപ്പുറം റോഡിന്റെ പണി തീർന്ന പലഭാഗവും തകർന്നിരിക്കുന്നതിനാൽ കാൽനടയാത്രക്കാർക്കും ചെറുവാഹനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്നു. എടപ്പാൾ മുതൽ കുറ്റിപ്പുറം വരെയുള്ള റോഡിൽ പൈപ്പുകൾക്കുമുകളിൽ റോഡ് പണിയാൻ പറ്റില്ലെന്ന് പറഞ്ഞ് ഇപ്പോൾ പൈപ്പ് മാറ്റിയിട്ടിരിക്കുകയാണ്. ഇത് ഗൗരവത്തോടുകൂടി കാണുകയും ലാന്റ് അക്വിസിഷൻ നടത്തിയ ഭാഗത്ത് പണി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ചൂണ്ടൽ-കുറ്റിപ്പുറം റോഡിന്റെ പ്രവൃത്തികൾ പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ റോഡിന്റെ കരാർ 'റോഡ് ബിൽഡർ മലേഷ്യ' എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. ഈ കമ്പനി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാത്തതിനെത്തുടർന്ന് വീണ്ടും ടെണ്ടർ ചെയ്ത് 'റോമൻ ടാർമാറ്റ് ബൊമ്മെ' എന്ന കമ്പനി വർക്ക് ഏറ്റെടുക്കുകയുണ്ടായി. പണി പുന:രാരംഭിച്ചെങ്കിലും പല കാരണങ്ങളാൽ നിന്നുപോയി. എടപ്പാൾ മുതൽ കുറ്റിപ്പുറം വരെയുള്ള റോഡിൽ നിലവിലുള്ള വാട്ടർ സപ്ലൈ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുക 2008 മേയ്, നവംബർ മാസങ്ങളിലായി നൽകിയിട്ടുണ്ട്. പൈപ്പ് മാറ്റുന്ന

മുറയ്ക്ക് മാത്രമേ റോഡ് പണി പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. ചൂണ്ടൽ-കുറ്റിപ്പുറം ഭാഗത്ത് ലാന്റ് അക്വിസിഷൻ പൂർത്തീകരിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണമെന്ന നിർദ്ദേശം കമ്പനിക്ക് കൊടുത്തിട്ടുണ്ട്. അത് തൃപ്തികരമായി പുരോഗമിക്കുന്നില്ലെങ്കിൽ റീടെണ്ടർ ചെയ്യുന്നതടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(22) <u>എസ്.ആർ.വി. സംഗീതവിദ്യാലയം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലുള്ളതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമായ തൃശ്ശൂരിലെ എസ്.ആർ.വി. സംഗീത വിദ്യാലയം ശതാബ്ദി ആഘോഷിക്കുന്ന വർഷമെങ്കിലും ഒരു സംഗീത കോളേജായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)</u>: ഈ സ്കൂളിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്ഥാപനത്തിലെ കെട്ടിടങ്ങൾ മാറ്റിപ്പണിയുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപകരണങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും എങ്ങനെ മെച്ചപ്പെടുത്താം, കോഴ്സുകൾ എങ്ങനെ പരിഷ്കരിക്കാം എന്നീ കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പുമായി ആലോചിച്ച് ഇതൊരു സംഗീത കോളേജായി ഉയർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് പരിശ്രമിക്കുന്നതാണ്. സംഗീത പഠനം കേരളത്തിൽ ഉടച്ചുവാർക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രൊഫ. ടി.എൻ. കൃഷ്ണൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക്

സമർപ്പിക്കുമ്പോൾ ഈ സ്ഥാപനത്തെ അതിന്റെ ഭാഗമായി ഉൾക്കൊള്ളിക്കാൻ കഴിയുമോ എന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(23) ആർ.സി.സി. യിലെ സൗകര്യങ്ങൾ

ശ്രീ. കെ.സി. കുഞ്ഞിരാമൻ: ഓരോ വർഷവും പന്ത്രണ്ടായിരത്തിൽപ്പരം രോഗികൾ ചികിത്സ തേടിയെത്തുന്ന തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ആർ.സി.സി.യിലെത്തുന്ന രോഗികൾക്കാവശ്യമായ സാന്ത്വന ചികിത്സയും രോഗനിർണ്ണയത്തിനുള്ള ആധിനുക സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിനാനുപാതികമായി വാർഡുകളുടേയും കിടക്കകളുടേയും എണ്ണം വർദ്ധിപ്പിച്ച് പുതിയ വാർഡുകൾ സജ്ജീകരിക്കുന്നതിനായി പത്ത് നിലകളുള്ള ഒരു കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിന് പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. റേഡിയേഷൻ ചികിത്സയ്ക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ഹൈ എനർജി ലീനിയർ ആക്സിലറേറ്ററും ഒരു ലോ എനർജി ലീനിയർ ആക്സിലറേറ്ററും വാങ്ങാനുള്ള പ്രാരംഭ നടപടി ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത മെഷീൻ സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും

ചെയ്യുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്.

(24) അച്ചൻകോവിൽ-ചിറ്റാർ റോഡിന്റെ 2-ാം റീച്ചിനുള്ള എഗ്രിമെന്റ്

ശ്രീ. അടൂർ പ്രകാശ്: അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട്-ചിറ്റാർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പി.ഡബ്ലിയു.ഡി. മൂന്ന് റീച്ചുകളിലായിട്ടാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഒന്നും മൂന്നും റീച്ചുകൾ പൂർത്തീകരിച്ചു. രണ്ടാം റീച്ചിന് ടെണ്ടർ നടന്നുവെങ്കിലും എഗ്രിമെന്റ് വയ്ക്കാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. ഈ റോഡിന്റെ രണ്ടാം റീച്ചിന്റെ എഗ്രിമെന്റ് വയ്ക്കാനുള്ള നിർദ്ദേശം നൽകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): അച്ചൻ കോവിൽ-ചിറ്റാർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 13,70,00,000 രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നു റീച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന പ്രവൃത്തികളിൽ രണ്ടാം റീച്ചിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(25) ഇലക്ട്രിക് കമ്പി പൊട്ടിവീണുണ്ടാകുന്ന അപകട മരണങ്ങൾ

ശ്രീ. കെ.സി വേണുഗോപാൽ: സംസ്ഥാനത്ത് വൈദ്യുതി കമ്പി പൊട്ടി വീണ് ആളുകൾ മരിക്കുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് ഉറപ്പു വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) പഴയ തടിപോസ്റ്റുകൾ മറിഞ്ഞുവീണും പഴക്കമുള്ള അലൂമിനിയം കണ്ടക്ടറുകൾ പൊട്ടിയും അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇത് പരിഹരി

ക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും അലൂമിനിയം കണ്ടക്ടറുകൾക്ക് പകരം കൂടുതൽ ബലമുള്ള റീ-ഇൻഫോഴ്സ്ഡ് അലൂമിനിയം കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. കുട്ടനാട് ഭാഗത്ത് മാത്രം 730 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പോസ്റ്റുകൾ ഉടൻതന്നെ മാറ്റുന്നതാണ്. അപകടം വിലയിരുത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഡിവിഷൻ തലത്തിൽ സേഫ്റ്റി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് അശ്രദ്ധയോ വീഴ്ചയോ സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(26) കുഞ്ഞാലി മരയ്ക്കാരുടെ ചരമദിനം

ശ്രീ. പി. വിശ്വൻ: ധീരദേശാഭിമാനി കോട്ടയ്ക്കൽ കുഞ്ഞാലി മരയ്ക്കാറുടെ ചരമദിനം സമുചിതമായി ആചരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കുഞ്ഞാലി മരയ്ക്കാർ, പഴശ്ശി, വേലുത്തമ്പി തുടങ്ങിയ ആളുകളുടെ സ്മരണ നിലനിർത്താൻ കുണ്ടറ വിളംബരത്തിന്റെ 200-ാം വാർഷികം ആചരിക്കുന്നതോടൊപ്പം നടപടി സ്വീകരിക്കാം. സാമ്രാജ്യത്വ വിരുദ്ധ ശക്തികൾക്കെതിരെ പ്രവർത്തിച്ച കുഞ്ഞാലി മരയ്ക്കാറുടെ സ്മരണ നിലനിറുത്തുന്നതിനായി സാംസ്ക്കാരിക വകുപ്പ്, പുരാവസ്തു വകുപ്പ്, കേരള ചരിത്ര ഗവേഷണ കൗൺസിൽ ഇവയെ സഹകരിപ്പിച്ചുകൊണ്ട് സമുചിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്.

(27) <u>ഗ്രീൻ ചാനൽ സംവിധാനം മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> വാളയാർ, ഗോപാലപുരം, മഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ സ്വകാര്യ കമ്പനി വേ ബ്രിഡ്ജുകൾ സ്ഥാപിച്ച് സർക്കാരിന്റെ രസീത് നൽകി വാഹനങ്ങളിൽ നിന്നും പണം പിരിക്കുന്നത് അവസാനിപ്പിക്കണം. ഉന്നതരുടെ ഒത്താശയോടെ ഗ്രീൻ ചാനലിലൂടെ ചരക്കു വാഹനങ്ങളും കണ്ടെയ്നർ ലോറികളും കടന്നു പോകുന്നതുമൂലം കള്ളനോട്ടും സ്ഫോടക വസ്തുക്കളും കടത്തി സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയേയും സാമ്പത്തിക ഭദ്രതയേയും തകിടം മറിക്കുമെന്നതിനാൽ യാതൊരു പരിശോധനയും കൂടാതെ വാഹനങ്ങൾ കടത്തി വിടുന്ന സ്ഥിതി അവസാനിപ്പിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ഭരണ പരിഷ്ക്കാരത്തിന്റെ ഭാഗമായി കേരളത്തിൽ നടന്നിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ടതും വിജയകരമായിട്ടുള്ളതുമായ ഒരു പ്രവർത്തനമായിരുന്നു അഴിമതി രഹിത വാളയാർ. പൂർണ്ണമായിട്ടും അവിടത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിഞ്ഞു. രണ്ടായിരം വണ്ടികൾ വരുമ്പോൾ ഓരോന്നും അഴിച്ച് പരിശോധിക്കുന്നതിന് ഒരു മണിക്കൂർ സമയമെടുക്കും. ഈ പരിശോധന ശാസ്ത്രീയമാക്കുന്നതിന് വേയിംഗ് മെഷീനും സ്കാനിംഗ് മെഷീനും ആവശ്യമാണ്. വേയിംഗ് മെഷീൻ വാങ്ങി താമസിയാതെ കേടാകുന്നതുകൊണ്ട് സംസ്ഥാന സർക്കാർ ചർച്ചചെയ്ത് വേയിംഗ് മെഷീൻ നടത്തുന്നതിന് ടെണ്ടർ വിളിച്ച് അതിന്റെ അടിസ്ഥാനത്തിൽ അതുവഴി കടന്നു പോകുന്ന വാഹനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് അവർക്ക് വാങ്ങാം എന്ന് കണക്കാക്കി കേരളത്തിലെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ ചിട്ടയായി വേയിംഗ് മെഷീൻ പ്രവർത്തിപ്പിക്കുകയാണ്.

(28) ഇരട്ടയാർ, ഉടുമ്പൻചോല കുടിവെള്ള പദ്ധതികൾ

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഇരട്ടയാർ, ഉടുമ്പൻചോല കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഇരട്ടയാർ കുടി വെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, അഞ്ച് ഭൂതല സംഭരണികൾ, റാ-വാട്ടർ പമ്പിംഗ് മെയിൻ, ജലവിതരണ ശൃംഖലയിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ എന്നിവയുടെ പണികൾ പൂർത്തിയായി. അവശേഷിക്കുന്നത് ജലശുദ്ധീകരണശാലയുടേയും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റേയും പണികളാണ്. കിണർ, ശുദ്ധീകരണശാല എന്നിവയ്ക്ക് ആവശ്യമായിട്ടുള്ള സ്ഥലം ഇരട്ടയാർ പഞ്ചായത്തിൽനിന്നും കൈമാറ്റം ചെയ്തുകിട്ടാനുള്ള കാലതാമസമുണ്ട്. 2009 മാർച്ചിൽ കമ്മീഷൻ ചെയ്യുന്നതാണ്. ഉടുമ്പൻചോല പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ആറ് ജലസംഭരണികൾ റാ-വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവ യുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാല പണിയുന്നതിന് ആവശ്യമായ 65 സെന്റ് സ്ഥലം ലഭിക്കാതിരുന്നതിനാൽ പദ്ധതി പൂർത്തിക രിക്കുന്നതിന് കാലതാമസം നേരിട്ടു. സമീപകാലത്ത് ലഭ്യമായ 5 സെന്റ് സ്ഥലം ഉപയോഗിച്ച് ജലശുദ്ധീകരണശാലയ്ക്കു പകരം പ്രഷർ ഫിൽറ്റർ സ്ഥാപിച്ച് 2009 മാർച്ച് മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

(29) ആദിവാസികൾക്ക് ഭൂമി അനുവദിക്കാൻ നടപടി

ശ്രീ. വി. ചെന്താമരാക്ഷൻ നെല്ലിയാംപതി ഓറഞ്ച് ഫാമിൽ കഴിഞ്ഞ 5 വർഷത്തോളമായി സ്ഥിരമായി താമസിക്കുന്ന 150 ഓളം വരുന്ന ആദിവാസി കുടുംബൾക്ക് സ്വന്തമായി ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : നെല്ലിയാംപതി ഓറഞ്ച് ഫാമിൽ കുടിൽകെട്ടി താമസിച്ചുവരുന്ന ആദിവാസികളെ പുനരധിവ സിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. നെല്ലിയാംപതി ഫാം അധീനതയിലുള്ള 150 ഹെക്ടർ ഭുമി കണ്ടെത്തിയത് റവന്യൂ രേഖയിൽ വനഭൂമിയായി കാണുന്നതിനാൽ വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഈ വിഷയം പട്ടികക്ഷേമ വകുപ്പു മന്ത്രിയും കൃഷി വകുപ്പുമന്ത്രിയുമായി അലോചിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള ഒരു കർമ്മ പദ്ധതി സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

(30) സുനാമി ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗേഡ് ജില്ലയിൽ സ്കൂൾ കെട്ടിടങ്ങൾക്ക് സുനാമി ഫണ്ട് വിനിയോഗിക്കുന്നതിന് പി.ഡബ്ലിയു.ഡി. റേറ്റ് അനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് നിർമ്മിക്കാൻ കഴിയാത്ത തിനാൽ അടുക്കത്തുബയൽ യു.പി. സ്കൂളിന്റേതുൾപ്പെടെയുള്ള കെട്ടിട നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള ഫണ്ട് അനുവദി ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കാസർഗേഡ് ജില്ലയിലെ സ്കൂൾ കെട്ടിടങ്ങൾക്ക് സുനാമി ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊണ്ടുവരുകയാണ്. 5.9.08-ൽ ചേർന്ന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 52 സ്കൂളുകളുടെ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചതിനെത്തുടർന്ന് 450 ലക്ഷം രൂപ നീക്കി വയ്ക്കുകയും സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ പലതും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുനാമി ഫണ്ട് ഇതിനകം വിവിധ പദ്ധതികൾക്കായി വകയിരുത്തിക്കഴിഞ്ഞതിനാൽ കൂടുതൽ തുക അനുവദിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ന്യായമായി ലഭിക്കേണ്ട സ്കൂളുകൾ ഏതെങ്കിലും ഗുണഭോക്തൃ പട്ടികയിൽനിന്നും വിട്ടുപോയിട്ടുണ്ടെങ്കിൽ ആ തുകയ്ക്കുള്ളിൽനിന്നുകൊണ്ട് അതുകൂടി ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ടെങ്കിൽ പരിശോധിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(31) കർഷകർക്ക് കൈവശ ഭൂമി പതിച്ചുനൽകൽ

ശ്രീ. പി. കൃഷ്ണപ്രസാദ്: സുൽത്താൻബത്തേരിയിലെ ചൂരിമല പ്രദേശത്തെ കർഷകർക്ക് അവരുടെ കൈവശഭൂമി പതിച്ചുനൽകാൻ അടിയന്തിര നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിൽ ബീനാച്ചി എസ്റ്റേറ്റിനോട് ചേർന്നുള്ള പ്രദേശത്ത് 160-ഓളം കുടുംബങ്ങൾ വർഷങ്ങളായി കുടിയേറി കൃഷിചെയ്ത് താമസിച്ചുവരുന്നുണ്ട്. ഈ എസ്റ്റേറ്റിൽപ്പെട്ട 183.78 ഹെക്ടർ ഭൂമി വെസ്റ്റഡ് ഫോറസ്റ്റാണെന്നു കാണിച്ച് ഫോറസ്റ്റ് വകുപ്പ് കമ്പനിക്ക് നോട്ടീസ് നൽകിയി

രുന്നെങ്കിലും അതിനെതിരെ 2001-ൽ കമ്പനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമപ്രകാരം ഒഴിവാക്കപ്പെട്ട ഭൂമിയായതിനാൽ പതിച്ചു നൽകാൻ കഴിയാത്ത നിയമപ്രശ്നവും നിലനിൽക്കുന്നു. ഇപ്പോൾ മധ്യപ്രദേശ് സർക്കാരിന്റെ കൈവശമുള്ള ബീനാച്ചി എസ്റ്റേറ്റ് കേരള സർക്കാർ ഏറ്റെടുത്താലേ നിലവിലുള്ള കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. ഭൂമി കൈമാറ്റം ചെയ്യാൻ കമ്പനി ശ്രമിച്ചാൽ അത് തടയണമെന്ന് സബ് രജിസ്ട്രാർക്കും തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി പതിച്ചുനൽകുന്ന കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(32) <u>പടിയൂർ വില്ലേജാഫീസ് ഉപരോധം</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ കൃഷിക്കാർ നടത്തിവരുന്ന പടിയൂർ വില്ലേജ് ഓഫീസ് ഉപരോധം അവസാനിപ്പിച്ച് അവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പടിയൂർ വില്ലേജിൽ തളിപ്പറമ്പ് താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവുപ്രകാരം 52.34 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ 1980-ൽ ഉത്തരവുണ്ടായിരുന്നു. ഈ വസ്തുവിൽ ജനങ്ങൾ നേരത്തെതന്നെ വീടുവച്ച് താമസിച്ചുവന്നതിനാൽ ഏറ്റെടുക്കലും വിതരണം ചെയ്യലും നടന്നിട്ടില്ല. ഇവരിൽ ഭൂരിഭാഗവും കേരള ഭൂ പരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമി പതിച്ചുകിട്ടാൻ അർഹതയുള്ളവരാണെന്ന വിവരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ലാന്റ് റിഫോംസ്

റിവ്യൂ ബോർഡ്  ഈ വിഷയം പരിശോധിച്ച് നിയമത്തിനുള്ളിൽ നിന്നു കൊണ്ട് ഇവർക്ക് ഭൂമി പതിച്ചുനൽകുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(33) കർഷകത്തൊഴിലാളി ക്ഷേമനിധി കുടിശ്ശിക

ശ്രീ. പള്ളിപ്രം ബാലൻ: കേരളത്തിലെ കർഷകത്തൊഴിലളികൾക്ക് സൂപ്പർ ആന്വേഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെ ക്ഷേമനിധി കുടിശ്ശിക കൊടുക്കുന്നതിന് നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക മുഴുവൻ ഗവൺമെന്റ് കൊടുത്തുതീർത്തു. അവശേഷിക്കുന്ന രണ്ടു മൂന്നു മാസത്തെ ആനുകൂല്യങ്ങൾ ഉടൻതന്നെ കൊടുത്തുതീർക്കുന്നതാണ്. ഇതിനു പുറമേ അതിവർഷാനുകൂല്യം, ചികിൽസാനുകൂല്യം തുടങ്ങിയവയുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഗവൺമെന്റ് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. അടുത്ത വർഷം അംശദായത്തിന് തുല്യമായ തുക ബഡ്ജറ്റിൽ വകയിരുത്താൻ ആലോചനയുണ്ട്.

(34) മഞ്ചേശ്വരം പൊസടികുംഭെ അഡ്വഞ്ചറസ് ടൂറിസ്റ്റ് കേന്ദ്രമാക്കൽ

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: മഞ്ചേശ്വരം മണ്ഡലത്തിലെ പൊസടികുംഭെ അഡ്വഞ്ചറസ് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പൊസടികുംഭെ പ്രദേശം അഡ്വഞ്ചറസ് ടൂറിസത്തിന് അനുയോജ്യമാണെങ്കിലും ഈ സ്ഥലം സർക്കാരിന് ലഭ്യമായാൽ മാത്രമേ മറ്റു നടപടികൾ സ്വീകരിക്കാൻ സാധിക്കൂ. പഞ്ചായത്തു മുഖേന സ്ഥലം

ലഭ്യമാക്കുകയാണെങ്കിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(35) പെരിന്തൽമണ്ണ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് എസ്റ്റാബ്ലിഷ്മെന്റ് സാംങ്ഷൻ

ശ്രീ. വി. ശശികുമാർ: പെരിന്തൽമണ്ണ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് എസ്റ്റാബ്ലിഷ്മെന്റ് സാങ്ഷൻ നൽകുന്നതിനും അതിനെ ഒരു ഫുൾ കപ്പാസിറ്റി സ്റ്റേഷനാക്കി മാറ്റുന്നതിനും നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വേണ്ടത്ര തസ്തികകൾ അനുവദിക്കാതെ തുടങ്ങിയിട്ടുള്ള ഒരു അഗ്നിശമന രക്ഷാ കേന്ദ്രമാണ് പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(36) താമരശ്ശേരിയിൽ മുൻസിഫ് കോടതി

ശ്രീ. ജോർജ് എം. തോമസ്: കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ മുൻസിഫ് കോടതി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പുതുതായി ആരംഭിക്കേണ്ട കോടതികളുടെ മുൻഗണനാ ലിസ്റ്റ് ഹൈക്കോടതിയുമായി ആലോചിച്ച് തയ്യാറാക്കിയിട്ടുള്ളതിൽ 21-ാമതായിട്ട് താമരശ്ശേരി ഉൾപ്പെട്ടിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(37) തൃശൂർ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. എ.സി. മൊയ്തീൻ: തൃശൂർ മെഡിക്കൽ കോളേജ് കാമ്പസ് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃശൂർ മെഡിക്കൽ കോളേജ് കാമ്പസ് കേന്ദ്രമാക്കി പുതിയ പോലീസ് സറ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.

(38) കായംകുളം ഗവൺമെന്റ് ആശുപത്രിയുടെ നവീകരണം

ശ്രീ. സി.കെ. സദാശിവൻ: കായംകുളം ഗവൺമെന്റ് ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കായംകുളം താലൂക്ക് ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ സൂനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന നടത്താൻ നിശ്ചയിച്ച് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ ഹിന്ദുസ്ഥാൻ പ്രിമ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 25 ശതമാനം അഡ്വാൻസും നൽകിയിട്ടുണ്ട്. ഇതിൽ ഗൈനക്കോളജി വാർഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെ ബാക്കി നവീകരണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(39) ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം

ശ്രീ. വി.എൻ. വാസവൻ: സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും 24 മണിക്കൂറും ബ്ലഡ് ബാങ്കുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും 24 മണിക്കൂറും ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കോട്ടയം മെഡിക്കൽ കോളേജിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം ഉച്ചയ്ക്ക് 1.00 മണിവരെ മാത്രമാണ് അടിയന്തിര ഘട്ടങ്ങളിൽ ഒഴികെ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നത്. ഇവിടെ അപൂർവ്വം ഗ്രൂപ്പുകളിലുള്ള രക്തം സ്വീകരിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് 24 മണിക്കൂറും ബ്ലഡ് ബാങ്കുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(40) മാധ്യമ സംഘത്തിനു നേരെയുണ്ടായ ആക്രമണം

ശ്രീ. സി.എഫ്. തോമസ്: ചങ്ങനാശ്ശേരിയിൽ മനോരമ ന്യൂസ് വിഷൻ പ്രവർത്തകർക്കു നേരെയുണ്ടായ ആക്രമണത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാനലിൽ വന്ന വാർത്തയെ

അടിസ്ഥാനമാക്കി സമഗ്രമായ അന്വേഷണം നടത്താൻ ഇന്നലെ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(41) ചേർത്തലയിലെ ഫൈലേറിയ കൺട്രോൾ ഓഫീസ്

ശ്രീ. പി. തിലോത്തമൻ: ചേർത്തലയിലെ ഫൈലേറിയ കൺട്രോൾ ഓഫീസ് പ്രസ്തുത സ്ഥലത്ത് നിലനിർത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഫൈലേറിയ കൺട്രോൾ വർക്സ് മന്തുരോഗ നിയന്ത്രണത്തിനായി വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. ചേർത്തല പ്രദേശത്ത് മന്തുരോഗം ഇപ്പോൾ വലിയ പൊതുജനാരോഗ്യ പ്രശ്നമല്ല. കൊതുകുകളെ നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ പരിപാടിയുടെ ഭാഗമായി ചേർത്തലയിലുള്ള ഫൈലേറിയ കൺട്രോൾ വർക്സ് ഉൾപ്പെടെ മന്തുരോഗ നിയന്ത്രണ യൂണിറ്റുകൾ പുന:ക്രമീകരിച്ച് ഒരു ജില്ലയിൽ ഒരു യൂണിറ്റെന്ന നിലയിൽ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് യൂണിറ്റുകളിൽ ഒന്ന് കോട്ടയത്തേക്ക് മാറ്റാനുള്ള നിർദ്ദേശമുണ്ടായത്.

(42) ദേശീയപാതയുടെ സ്ഥലമെടുപ്പ്

ശ്രീ. ജോർജ് മേഴ്സിയർ: കോവളത്തുനിന്ന് കന്യാകുമാരിയിലേയ്ക്കുള്ള ദേശീയപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് മൂന്ന് വർഷത്തിലേറെയായി. കോട്ടുകാൽ പഞ്ചായത്തിൽ ദേശീയ പാതയ്ക്കുവേണ്ടി ദശാബ്ദങ്ങൾക്കുമുമ്പ് ഏറ്റെടുത്ത ഭൂമിയുടെ വില നൽകാത്തതുമൂലം ആയിരക്കണക്കിന് കുടുംബങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവി

ക്കുകയാണ്. അവരുടെ കാത്തിരിപ്പിന് വിരാമമിടുന്നതിന് വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മുഖാന്തിരമാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 25 കി. മീ. നീളത്തിലാണ് സ്ഥലമെടുപ്പ് നടപടികൾ ആദ്യം നടന്നത്. മുക്കോല മുതൽ കാഞ്ഞിരംകുളം വരെയുള്ള സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ നിറുത്തിവച്ചിരിക്കുകയാണ്. കോട്ടുകാൽ കാഞ്ഞിരംകുളം, വിഴിഞ്ഞം, തിരുപുറം, ചെങ്കൽ തുടങ്ങിയ ബ്ലോക്കുകളിലുള്ള സ്ഥലമെടുപ്പ് എൻ.എച്ച്.എ.ഐ.യുടെ കീഴിലാണ്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പും പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായിട്ടാണ് വന്നിരിക്കുന്നത്. ഈ പ്രശ്നം ഗൗരവമായി കണക്കിലെടുത്തുകൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

ചോദ്യങ്ങൾക്കുള്ള മറുപടി

ശ്രീ. കെ.സി. വേണുഗോപാൽ: അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ല. എന്നാൽ വിവരാവകാശ നിയമം അനുസരിച്ച് പത്ത് ദിവസത്തിനകം മറുപടി കിട്ടുന്നുണ്ട്. എട്ടാം സമ്മേളനത്തിൽ ചോദിച്ച ചോദ്യത്തിന് ഉത്തരം കിട്ടിയത് കഴിഞ്ഞ ദിവസമാണ്. സെക്രട്ടേറിയേറ്റിൽനിന്നും ജില്ലാ ഭരണകൂടത്തിൽനിന്നും കിട്ടേണ്ട ഉത്തരം പോലും കിട്ടുന്നില്ല. സഭയെ നോക്കുകുത്തിയാക്കുന്ന ഈ പ്രവണത അവസാനിപ്പിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : നിയമസഭയിൽ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം കൊടുക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ചില പ്രത്യേക ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചുവരാനുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ തിരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ചെയർ മുമ്പും റൂളിംഗ് നൽകിയിട്ടുണ്ട്. നിയമസഭയിൽ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നില്ല എന്നുള്ള പല അംഗങ്ങളുടേയും പരാതി പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇത്തവണയും ശ്രീ. കെ.സി. വേണുഗോപാലും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ ഇതുസംബന്ധിച്ച് ചെയറിന് എഴുതിത്തന്നിട്ടുണ്ട്. നിയമസഭയിൽ ഉത്തരം ലഭിക്കാത്ത പല ചോദ്യങ്ങൾക്കും വിവരാവ

കാശ നിയമപ്രകാരം ഉത്തരം ലഭിക്കുന്നു എന്നും ഇത് നിയമസഭയോടും നിയമസഭാംഗങ്ങളോടുമുള്ള അനാദരവാണെന്നും സഭയുടെ അവകാശ ലംഘനമാണെന്നും അംഗങ്ങൾ പരാതിപ്പെടുന്നു. അതിൽ ശരിയുണ്ട്. കാരണം നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി കിട്ടുന്നില്ല. പക്ഷേ നിയമസഭാംഗങ്ങൾ വിവരാവകാശ നിയമമനുസരിച്ച് ചോദ്യം ചോദിക്കുമ്പോൾ ഉത്തരം ലഭിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. ചെയർ ഇക്കാര്യം വളരെ ഗൗരവമായിട്ടാണ് കാണുന്നത്. ഇക്കാര്യം സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങളിലും ചെയർ റൂളിംഗ് നൽകുകയുണ്ടായി. നിയമസഭാ ചട്ടങ്ങളിൽ ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്ന് നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്ന കമ്മിറ്റി പരിശോധിച്ചുവരികയാണ്. തീർച്ചയായിട്ടും അതു പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനുള്ള ദേശീയ അവാർഡ് കേരളത്തിന് ലഭിച്ചത് സംബന്ധിച്ച് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി.

**നിയമനിർമ്മാണ കാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(1) <u>2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ചുമട്ടു

തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

(1എ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട്കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ചുമട്ടുതൊഴിലാളികളെക്കുറിച്ചും അവരുടെ തൊഴിലിനെക്കുറിച്ചും ഒട്ടേറെ ആക്ഷേപങ്ങൽ ഉയർന്നുവരുന്ന സമയത്താണ് ഈ ഭേദഗതി ബിൽ പാസ്സാക്കുന്നത്. ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കുന്നത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന സൗകര്യത്തിന് വേണ്ടിയാണ്. ചുമട്ടുതൊഴിലാളികൾ പിടിച്ചുപറിക്കാരാണ്, കൊള്ളക്കാരാണ് എന്ന ആക്ഷേപം നിലനിൽക്കുകയാണ്. പുതിയ കൺസ്യൂമർ സംസ്കാരം നിലവിൽ വന്നതോടുകൂടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരികയാണ്. സാങ്കേതിരംഗത്തുണ്ടായ വളർച്ചമൂലം പല തൊഴിലുകളും ജെ.സി.ബി, ടിപ്പർ ലോറികൾ എന്നിവ ഉപയോഗിച്ച് ചെയ്യുന്നതിന്റെ ഫലമായി ചുമട്ടുതൊഴിലാളികൾ തൊഴിൽരഹിതരായ സ്ഥിതിവിശേഷമുണ്ട്; അതിന് മാറ്റമുണ്ടാകണം. കളക്ടർമാർ വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനമനുസരിച്ച് ചരലും മണലും മെറ്റലും ടിപ്പർ ലോറികളിൽ കൊണ്ടുവരുന്നതിന് നോക്കുകൂലി വാങ്ങാൻ പാടില്ല എന്ന തീരുമാനമുണ്ടായി. എന്നാൽ ആ സൗകര്യം ഉപയോഗിച്ചുകൊണ്ട് ജെ.സി.ബി.യിലും ടിപ്പർ ലോറികളിലും സാധനങ്ങൾകൊണ്ടുവന്ന് അൺലോഡ് ചെയ്യുന്ന സ്ഥിതിവന്നപ്പോൾ പ്രശ്ന

ങ്ങൾ ഉയർന്നുവന്നു. ഈ സാഹചര്യത്തിൽ എല്ലാ സംഘടനകളുംകൂടി ആലോചിച്ച് ചുമട്ടുതൊഴിലാളികൾ ചെയ്തുകൊണ്ടിരുന്ന ജോലി തട്ടിപ്പറിക്കുന്ന സ്ഥിതി എങ്ങനെ അവസാനിപ്പിക്കാം എന്നത് സംബന്ധിച്ച് തീരുമാനമെടുക്കണം. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വന്ന് പണിയെടുക്കുന്ന ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിയമം കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. ജനസംഖ്യയുടെ 77 ശതമാനത്തോളം വരുന്ന തൊഴിലാളികൾക്ക് 20 രൂപയിൽ താഴ്ന്ന വരുമാനമാണുള്ളതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിരന്തര പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും ഫലമായിട്ടാണ് തൊഴിലാളികൾക്ക് ന്യായമായ കൂലി നേടിയെടുക്കാൻ കഴിഞ്ഞത്. കൂലി വ്യവസ്ഥയുടെയും വരുമാന വ്യത്യാസത്തിന്റെയും അടിസ്ഥാനത്തിലാണ് മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളികൾ ഇവിടെ വന്ന് പണിയെടുക്കുന്നത്. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാൽ നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇടയാകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അതിന് പരിഹാരം കാണുന്നതിനായി തൊഴിലാളി സംഘടനകൾ സംയുക്തമായി പരിശ്രമിക്കണം. സർക്കാരോ ക്ഷേമനിധി ബോർഡോ, ലേബർ വകുപ്പോ സംഘടനകളുമായി ആലോചിച്ച് ഓരോ തൊഴിലിനും കൂലി വ്യവസ്ഥ പ്രസിദ്ധീകരിക്കുകയും കൂടുതൽ കൂലി വാങ്ങിക്കുന്നവരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. വർക്കല കഹാർ</u>: സബ്സെക്ഷൻ (5)-ലും (6)-ലും 'കൺവീനർ' എന്നുള്ള വാക്കുമാറ്റി 'ഡിസ്ട്രിക്ട് സെക്രട്ടറി' എന്നാക്കിയിരിക്കുന്നത്

ഉചിതമല്ല. അത് മാറ്റണം. ചുമട്ടുതൊഴിലാളി മേഖലയിൽ നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കാനും ആ മേഖലയിലുള്ള പ്രശ്ന ങ്ങൾ പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കണം. ലോകം മുഴുവൻ തൊഴിലാളി പ്രവർത്തനം ഒരു ഇന്റലക്ച്വൽ എക്സർസൈസായി മാറിയിരി ക്കുകയാണ്. ചുമട്ടു തൊഴിലാളി മേഖലയിൽ മാത്രമല്ല മറ്റ് മേഖലകളിലും നിലനിലൽക്കുന്ന നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കണം. ചുമട്ടു തൊഴിലാളി മേഖലയിൽ ഹൗസ് സ്റ്റഫിംഗ് വന്നതുമൂലം തൊഴിൽ നഷ്ടപ്പെ ടുന്ന തൊഴിലാളികളെ പുനഃരധിവസിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. വ്യാപാര പ്രാധാന്യമുള്ള കമ്പോളങ്ങളിൽ തൊഴിലാളി പ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ, സർക്കാർ പ്രതിനിധികൾ എന്നിവരടങ്ങിയ കമ്മിറ്റി യുള്ളതുകൊണ്ട് തർക്കങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നുണ്ട്. എന്നാൽ scattered മേഖലയിൽക്കൂടി തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാകണം. കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികളെ പുനര ധിവസിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ ക്രമീകരണം ഏർപ്പെടുത്തുന്നതി നും തയ്യാറാകണം. സംഘടനാ രംഗത്ത് നിന്നുകൊണ്ട് നോക്കുകൂലിയെ പരസ്യമായി എതിർക്കാൻ തയ്യാറായാൽ അതിന് പ്രതിപക്ഷ പിന്തുണയു മുണ്ടാകും.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): നോക്കുകൂലി കേന്ദ്രീകരിച്ചാണ് ഇവിടെ ചർച്ചകൾ അധികവും നടന്നത്. കയറ്റുമതി സാധങ്ങൾക്ക് വില ഗണ്യമായി കുറയുകയാണ്. വ്യാവസായിക വളർച്ചാ നിരക്ക് 0.4 ശതമാനത്തിലെത്തിയിരിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി കേന്ദ്ര

ഗവൺമെന്റ് അനുവദിച്ചിരിക്കുന്നത് 20,000 കോടി രൂപ മാത്രമാണ്. മറ്റു രാഷ്ട്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതു തുലോം കുറവാണ്. ആഗോള കയറ്റുമതിയിൽ ഇന്ത്യയുടെ പ്രാതിനിധ്യം മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. അമേരിക്കയെ ബാധിച്ച സാമ്പത്തിക പ്രതിസന്ധി ഇന്ത്യയിലും വലിയ ആഘാതം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. 350 കോടി രൂപ കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. കയർ - കശുവണ്ടി വ്യവസായങ്ങൾ തകർച്ചയെ അഭിമുഖീകരിക്കുകയാണ്. രാജ്യം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ തൊഴിലാളികൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ഈ നിയമം ഐകകണ്ഠ്യേന പാസ്സാക്കി ത്തരണം.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> In Section 18(5) and (6) proposed to be substituted in the principal Act by clause 2(2) after the words “District Secretary” add “or as the case may be Special Area Secretary” എന്ന 117-ാം നമ്പർ ഭേദഗതി ഔദ്യോഗിക

ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

108-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 121, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 128,139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 140-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ.ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ); പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമ നിധി ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ കുറെയേറെ മാറ്റങ്ങൾ വരുത്തിയത് സ്വാഗതാർഹമാണ്. ലോട്ടറി വില്പനക്കാർ സ്വന്തമായി വീടോ താമസിക്കാൻ മറ്റു സൗകര്യങ്ങളോ ഇല്ലാത്തവരാണെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അവരുടെ പെൻഷൻ, ചികിത്സാ സൗകര്യങ്ങൾ, മരണ മടയുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവയൊക്കെ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. വികലാംഗരും അന്ധരുമായിട്ടുള്ള ലോട്ടറി വില്പനക്കാർ ക്ഷേമനിധിയിലേയ്ക്ക് 50 രൂപ അംശദായം അടയ്ക്കണമെന്നുള്ളത് പിൻവലിക്കണം. സംസ്ഥാന സർക്കാർ ഓരോ വർഷവും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പുവഴി ശേഖരിക്കുന്ന ടിക്കറ്റു കളുടെ മൊത്തം വിറ്റുവരവിന്റെ 2 ശതമാനം നിധിയിലേയ്ക്ക് അടയ്ക്ക ണമെന്ന് പറയുന്നുണ്ട്. . ഇതിനുപുറമേ സർക്കാർ ഓരോ അംഗത്തിനും പ്രതിമാസം 50 രൂപ വീതം അംശദായമായി നൽകേണ്ടതാണ്. ഓഫീസർമാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആയിരിക്കണം. കേരള ലോട്ടറിയെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പുതിയ ലോട്ടറിയുടെ ടിക്കറ്റുകൾ യഥാസമയം അച്ചടിച്ചുകിട്ടാത്തതുമൂലം അവ ക്യാൻസൽ ചെയ്യേണ്ട അവസ്ഥ യുണ്ടാകുന്നത് സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികൾ തഴച്ചുവളരുന്ന തിന് കാരണമാകുന്നു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്യസംസ്ഥാന ലോട്ടറികളുടെ സംസ്ഥാന അസോസിയേഷൻ ഉണ്ടാക്കി അതിന്റെ പ്രതിനിധിയായിരുന്ന അഡ്വക്കേറ്റ് അശോകൻ

എങ്ങനെയാണ് അന്യസംസ്ഥാന ലോട്ടറി സംബന്ധിച്ച കേസ്സിൽ ഗവൺമെന്റ് പ്ലീഡറായി വന്നതെന്ന് വ്യക്തമാക്കണം. അഡ്വക്കേറ്റ് ജനറൽ ഹാജരാകേണ്ടതാണ്. അതുകാരണം 32 കേസ്സുകളിൽ ഗവൺമെന്റ് തോറ്റു. അന്യസംസ്ഥാന ലോട്ടറികൾ നിയമവിരുദ്ധമായി സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി യിൽ നിലനിൽക്കുന്ന കേസ്സിൽ മറ്റൊരു അഫിഡവിറ്റ് എന്നത്തേയ്ക്ക് സമർപ്പിക്കാനാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം.

<u>ശ്രീ. കെ. ബാബു:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗവൺമെന്റിന്റെ വിറ്റുവരവിന്റെ അംശദായം ഒരു ശതമാനമെന്നത് രണ്ട് ശതമാനമാക്കണം. സർക്കാരിന് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ, വികലാംഗരും, അന്ധരും മൂകരും ബധിരരുമുൾപ്പെടെയുള്ളവർ പണിയെടുക്കുന്ന ലോട്ടറി മേഖല യിലെ തൊഴിലാളികൾക്കു വേണ്ടിയുള്ള നിയമം കഴിഞ്ഞ നിയമസഭാ സമ്മേ ളനത്തിൽ തന്നെ പാസ്സാക്കാമായിരുന്നു. ലോട്ടറി തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തത്തക്ക ഒരു സമഗ്ര നിയമമാണ് സംസ്ഥാനത്തിന് ആവശ്യം. സംസ്ഥാന ലോട്ടറികളുടെ നറുക്കെടുപ്പ് സമയബന്ധിതമായി നടത്താത്തതുമൂലം പ്രതിദിനം 40 കോടിയോളം രൂപ യുടെ വിറ്റുവരവാണ് അന്യ സംസ്ഥാന ലോട്ടറികൾക്ക് സംസ്ഥാനത്തു നിന്നും ലഭിക്കുന്നത്. ലോട്ടറി ടിക്കറ്റ് കൃത്യസമയത്ത് അച്ചടിച്ച് വിതരണം ചെയ്യാനും നറുക്കെടുപ്പ് നടത്താനും സംസ്ഥാന ഗവൺമെന്റിന് കഴിയാതിരുന്നത് അന്യസംസ്ഥാന ലോട്ടറികൾക്ക് വളരെയേറെ പ്രയോജന പ്പെട്ടു. ലോട്ടറി അച്ചടിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. അപൂർവ്വം ചില സന്ദർഭങ്ങളിൽ നറുക്കെ

ടുപ്പ് മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്. സംസ്ഥാന ലോട്ടറിയുടെ വിശ്വസനീയത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം ആത്മാർത്ഥത കാണിച്ചിട്ടും സംസ്ഥാന ലോട്ടറി കൃത്യമായി നടക്കുന്നില്ല. യു. ഡി. എഫ്. ഗവൺമെന്റ് സംസ്ഥാനത്ത് ലോട്ടറികൾ മൊത്തമായി നിരോധിക്കുകയും പിന്നീട് കേരള ലോട്ടറി ആരംഭിക്കാൻ അനുകൂലമായ തീരുമാനമെടുക്കുകയും അന്യസംസ്ഥാന ലോട്ടറികൾ കേരളത്തെ കൊള്ളയടിക്കാൻ പാടില്ലെന്ന് പറയുകയും ചെയ്തു. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ലോട്ടറി ജീവനക്കാരോടും ലോട്ടറി വിറ്റ് ജീവിക്കുന്ന പാവപ്പെട്ടവരോടും ആർദ്രമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി അന്യസംസ്ഥാന ലോട്ടറികളെ തടയാനുള്ള നിയമം കൊണ്ടുവരികയും കേരള ലോട്ടറി പുന:സ്ഥാപിക്കുകയും ചെയ്തു. കേരളത്തിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾ സെൻട്രൽ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചിരിക്കുകയാണ്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കണം. ലോട്ടറി കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കണം. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത സത്യവാങ്മൂലം പിൻവലിക്കാൻ നിയമോപദേശം കിട്ടിയോ എന്ന് വ്യക്തമാക്കണം. വിലപ്പെട്ട നിർദ്ദേശങ്ങളെല്ലാം അംഗീകരിച്ചുകൊണ്ട് ഈ നിയമം കുറ്റമറ്റതാക്കി സംസ്ഥാനത്തെ ലോട്ടറിത്തൊഴിലാളികളുടെ ജീവിതം പ്രത്യാശാപൂർണ്ണമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. ജയരാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ രണ്ടുലക്ഷത്തോളംവരുന്ന ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സഹായകരമായിട്ടുള്ള ഒരു ബില്ലാണിത്. ലോട്ടറിയിൽ നിന്നുള്ള വരുമാനം സംസ്ഥാന ഗവൺമെന്റിന്റെ ഒരു പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ ഖജനാവിലേയ്ക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. 2006-07 സാമ്പത്തിക വർഷത്തിൽ 234 കോടി രൂപയായിരുന്ന ലോട്ടറി വരുമാനം ഇപ്പോൾ 333 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അത് 500 കോടിരൂപയാക്കി ഉയർത്തണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ലോട്ടറി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ ക്ഷേമനിധി ബിൽ വളരെ അത്യാവശ്യമാണ്. നേരത്തെ ഏജന്റുമാർ മാത്രമാണ് ഈ ക്ഷേമനിധിയുടെ പരിധിയിൽ വന്നിരുന്നതെങ്കിൽ ഇപ്പോൾ ലോട്ടറി വിതരണക്കാരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുകയാണ്. പതിനായിരക്കണക്കിന് വരുന്ന ലോട്ടറി തൊഴിലാളികൾ ഒരു ഇൻസെന്റീവ് സ്കീം എന്ന നിലയ്ക്കാണ് ഈ ബില്ലിനെ കാണുന്നത്. ഇതിൽ ഖണ്ഡം 3-ന്റെ വിശദീകരണത്തിൽ 'നിധിയിൽ അംഗമായി തുടരുന്നതിന് ഭാഗ്യക്കുറി ഏജന്റുമാരും വില്പനക്കാരും വില്പന നടത്തേണ്ട കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ എണ്ണം കണക്കാക്കുമ്പോൾ പ്രസ്തുത ടിക്കറ്റുകളുടെ വാർഷിക ശരാശരിയാണ് പരിഗണിക്കേണ്ടത്' എന്ന് പറഞ്ഞിരിക്കുന്നത് ചില പ്രശ്നങ്ങളുണ്ടാക്കുമെന്നുള്ളതുകൊണ്ട് ത്രൈമാസമാക്കണമെന്ന ഭേദഗതി യാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു നറുക്കെടുപ്പിന് രണ്ട് ലക്ഷം രൂപ നികുതി ലഭിച്ചിരുന്നത്

ഇപ്പോൾ ഏഴ് ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. ബമ്പർ ലോട്ടറിയിൽ നിന്നുള്ള വരുമാനം അഞ്ച് ലക്ഷം രൂപയായിരുന്നത് 17 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സുപ്രീം കോടതിയിൽ കൊടുത്ത അഫിഡവിറ്റ് നിമയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അതുവരെ എടുത്ത നടപടി റദ്ദാക്കി എന്ന് പറഞ്ഞ് എഴുതിക്കൊടുക്കുകയാണ് ചെയ്തത്. സുപ്രീം കോടതിപോലും ഇതുവരെയുള്ളത് റദ്ദാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. തുടർനടപടിയെടുക്കാൻ പാടില്ലെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. ഈ ഗവൺമെന്റ് ഓൺലൈൻ നികുതി പിരിക്കില്ലെന്ന് ഉറപ്പ് കൊടുക്കുകയുണ്ടായി. ലോട്ടറി നിയമം നടപ്പിലാക്കേണ്ട ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കുണ്ട്. ലോട്ടറി ആക്ടനുസരിച്ച് സംസ്ഥാന യു.ഡി.എഫ്. ഗവൺമെന്റ് അന്യസംസ്ഥാന ലോട്ടറി മാഫിയകളുമായി ചേർന്നുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് വരേണ്ട ലക്ഷക്കണക്കിന് രൂപയുടെ വരുമാനം ഇല്ലാതാക്കുകയാണ് ചെയ്തിട്ടുള്ളത്. മേഘാലയയിൽ വലിയ തോതിലുള്ള ലോട്ടറി തട്ടിപ്പാണ് നടന്നിട്ടുള്ളത്. കേരളത്തിലെ ഗവൺമെന്റ് സുപ്രീംകോടതിയിൽ മേഘാലയ സംസ്ഥാനം നടത്തിയിട്ടുള്ള ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച് അഡീഷണലായിട്ടുള്ള സത്യവാങ്മൂലം കൊടുത്തി ട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ കോന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക ലാപ്സാക്കുന്നു എന്നുള്ള വിമർശനം രാഷ്ട്രീയ പ്രേരിതമാണ്. കേന്ദ്രാവി ഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. സർക്കാരിനേ ക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേരളം പോലുള്ള സംസ്ഥാ

നങ്ങൾക്ക് സ്വീകാര്യമാകാത്ത മാനദണ്ഡങ്ങൾ നിലനിൽക്കുന്നതുകൊണ്ട് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട് കേരളത്തിലെ സവിശേഷത കൾക്കനുസരിച്ച് ഇതിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. കേരള ത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാ മേഖലകളിലും ജനക്ഷേമകരമായിട്ടുള്ള നടപടികൾ നടത്തുന്നുണ്ട്. യു.ഡി.എഫ്. സർക്കാ രിന്റെ കാലത്ത് ആരംഭിച്ച ദേശീയ തൊഴിലുറപ്പു പദ്ധതി വയനാട് ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയത്. എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതിക്കുവേണ്ടി 202 കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. ലോട്ടറി മേഖലയിലുള്ള തൊഴിലാളികൾ അങ്ങേയറ്റം അഹ്ലാദത്തോടെ വരവേൽക്കുന്ന ഒരു നിയമമാ ണിത്.

ശ്രീ. കെ.സി. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത ഒരിക്കൽകൂടി തെളിയിക്കുന്നതാണ് ഈ ക്ഷേമനിധി ബിൽ. ഈ ബിൽ കൊണ്ടുവന്നതിന് സർക്കാരിനെ അഭിനന്ദിക്കുന്നു. ലോട്ടറി കാര്യക്ഷമ മായിപ്രവർത്തിച്ചാൽ മാത്രമേ ക്ഷേമപദ്ധതി പൂർണ്ണമായി വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. കൂടുതൽ ആളുകൾക്ക് പാരിതോഷികം കിട്ടത്തക്ക നില യിൽ ലോട്ടറി സംവിധാനം പരിഷ്ക്കരിക്കണം. ലോട്ടറി ക്ഷേമനിധിയിൽ അനർഹരായിട്ടുള്ള ആളുകൾ കടന്നുകൂടി യഥാർത്ഥ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ തട്ടിയെടുക്കാതിരിക്കാനുള്ള കരുതലുകൾ

വേണം. ക്ഷേമനിധി ബോർഡിൽ സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിച്ച് ഭാരിച്ച ശമ്പളം കൊടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കാണുന്നതിന് ജില്ലാ നിലവാരത്തിൽ അംഗീകൃത യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉപദേശക സമിതി രൂപീകരിക്കണം. 10,000 രൂപയുടെ ടിക്കറ്റ് വിൽക്കുന്നവർക്ക് ഈ ക്ഷേമനിധിയിൽ അംഗമാകാം എന്നാണ് പറയുന്നത്. ലോട്ടറിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് അത് സുതാര്യമാക്കണം. ക്ഷേമനിധിയിൽ ലോട്ടറി വിൽപ്പനക്കാരെക്കൂടി ചേർത്തുകൊണ്ട് രണ്ടു ലക്ഷത്തിൽപ്പരം വരുന്ന ലോട്ടറി തൊഴിലാളികൾക്കുകൂടി പ്രയോജനം കിട്ടത്തക്ക രീതിയിൽ ഈ ക്ഷേമനിധി ബിൽ അവതരിപ്പിക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ച നടത്തിയതിന്റെയടിസ്ഥാനത്തിൽ നിയമത്തിൽ ഒട്ടനവധി മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇനി വകുപ്പു തിരിച്ചുള്ള പരിഗണനാവേളയിൽ മറ്റു കാര്യങ്ങൾ പരിശോധിക്കാം. യു.ഡി.എഫ്. സർക്കാരാണ് ഓൺലൈൻ ലോട്ടറി ഡിമാന്റ് ചെയ്തത്. നിലവിലുള്ള നിയമപ്രകാരം ഒന്നുകിൽ ടേൺ ഓവറിന്റെ ശതമാനമായിട്ട് നികുതി പിരിക്കുകയോ ഒരു നറുക്കിന് ഇത്ര രൂപ എന്ന് കണക്കാക്കി കോംപൗണ്ട് ചെയ്യുകയോ ചെയ്യാം. പക്ഷേ ഇവിടെനിന്നും കൊടുത്ത ഡിമാന്റ് നോട്ടീസ് അനുസരിച്ച് ഒരു നറുക്ക് എന്നു പറഞ്ഞാൽ ഓരോ ഔട്ട്ലറ്റിലും ഓരോ ദിവസവും നടക്കുന്ന നറുക്കെടുപ്പ് പ്രത്യേക നറുക്കെടുപ്പായി കണക്കാക്കി നികുതിയുണ്ട്. അപ്പോഴാണ് വലിയ തുക വരുന്നത്. പക്ഷേ അത് പ്രീ-അസ്സസ്മെന്റ് നോട്ടീസ് മാത്രമാണെന്ന് സർക്കാർ അറിയിക്കുകയും അതിന്റെ അടിസ്ഥാന

ത്തിൽ കൊടുത്ത ഡിമാന്റ് ഇല്ലാതാകുകയും പുതിയ സർക്കാർ വന്നപ്പോൾ നിയമ വ്യവസ്ഥയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുകയും ചെയ്തു. സംസ്ഥാനങ്ങൾക്ക് ലോട്ടറിയുടെമേൽ നികുതി ചുമത്താൻ അധികാരമില്ലെന്ന് സുപ്രീം കോടതി തീർപ്പുണ്ടാക്കി. അതിനാൽ മുൻകാലത്തെ കുടിശ്ശികപോലും പിരിക്കാൻ കഴിയില്ല. അങ്ങനെ ഒരു ഘട്ടം വന്നപ്പോൾ സർക്കാർ കോടതിയിൽ പറഞ്ഞത് പ്രീ-അസ്സസ്മെന്റ് നോട്ടിസ് മാത്രമാണ് എന്നാണ്. അതുകൊണ്ട് കോംപൗണ്ടിംഗ് വ്യവസ്ഥയിൽനിന്നും മാറി ഓൺലൈൻ ലോട്ടറിക്കാർക്ക് അവസരം കൊടുത്തു. ഇതാണ് വസ്തുത. ഈ സർക്കാർ വന്നപ്പോൾ അഫിഡവിറ്റ് പിൻവലിക്കും എന്നുള്ള നിലപാട് എടുത്തു. ഇതിന്റെ മുഴുവൻ കേസ് നടത്തിപ്പും എ.ജി. അടക്കം പങ്കെടുത്തിട്ടുള്ള കോൺഫറൻസുകളുടെ തീരുമാനപ്രകാരമാണ്. ലോട്ടറി സംബന്ധിച്ച എല്ലാ കേസുകളിലും ഹൈക്കോടതിയിൽ സീനിയർ അഡ്വക്കേറ്റ്സ് സർക്കാരിനുവേണ്ടി ഹാജരായിട്ടുണ്ട്. ഒട്ടനവധി പുതിയ ലോട്ടറികൾ ആരംഭിച്ചതിനാലും ഓരോ ലോട്ടറിയിലും വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം ക്രമാതീതമായി ഉയർന്നതിനാലും അച്ചടിശാലകളിൽ ആവശ്യാനുസരണം ടിക്കറ്റുകൾ അച്ചടിക്കാൻ കഴിയാതെവരികയും അച്ചടിച്ച ചില ടിക്കറ്റുകൾക്ക് ഗുണനിലവാര പ്രശ്നമുണ്ടാവുകയും ചെയ്തിട്ടുണ്ട്. എണ്ണം കുറഞ്ഞാലും വിശ്വാസ്യത നിലനിർത്തണമെന്നുള്ളതു കൊണ്ടാണ് ഒരു ആൾട്ടർനേറ്റീവ് അറേഞ്ച്മെന്റ് ഉണ്ടാകുന്നതുവരെ ഏതാനും ചില ലോട്ടറികളെ മാറ്റിനിർത്താൻ തീരുമാനിച്ചത്. കേരളാ ലോട്ടറി അച്ചടിക്കാൻ മാത്രമായി ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ ഒരു സ്പെഷ്യൽ യൂണിറ്റ് സ്ഥാപിക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരമാകും. ലോട്ടറി വിൽപ്പനക്കാരുടെ അസോസിയേഷനുമായി

വിശദമായി ചർച്ചചെയ്തതിനുശേഷമാണ് അംശദായമായി 50 രൂപ അടയ്ക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, സർക്കാരിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അംശദായത്തിന്റെ നിരക്ക് മാറ്റി നിശ്ചയിക്കാമെന്ന് നിയമത്തിൽ ഒരു ഭേദഗതി വരുത്തുന്നുണ്ട്. സർക്കാർ ഓരോ വർഷവും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പുവഴി ശേഖരിക്കുന്ന ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ രണ്ട് ശതമാനം നിധിയിലേക്ക് അടയ്ക്കണമെന്ന് പറയുന്നത് തത്ക്കാലം ഒരു ശതമാനമായിത്തന്നെ തുടരുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പരിണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. കെ. ബാബു: 113, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം പുതുശ്ശേരി: 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 117-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 118-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. കെ. ബാബു അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതിയിലെ ഖണ്ഡം 2 (എച്ച്)-ൽ (1) ''പെൺമക്കളും'' എന്നതിനുശേഷം ''എന്നർത്ഥമാകുന്നതും'' എന്നു ചേർക്കുക. എന്നതും, (3) ''എന്നർത്ഥമാകുന്നു'' എന്നതിനുപകരം ''ഉൾക്കൊള്ളുന്നതുമാകുന്നു'' എന്നു ചേർക്കുക എന്ന (1)ഉം (3)ഉം പിരിവും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച ഖണ്ഡം 2 (എച്ച്)-ൽ 'കുട്ടി' എന്ന വാക്കിനു പകരം 'മക്കൾ' എന്ന വാക്ക് ചേർക്കുക എന്ന 114-ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച ഖണ്ഡം 2 (എൽ)-ൽ ''നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള അത്രയും എണ്ണം'' എന്ന വാക്കുകൾ നീക്കം ചെയ്യുക എന്ന 121-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതിയിലെ (1)-ഉം (3)-ഉം പിരിവും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഖണ്ഡം 3 (1)-ൽ "രൂപീകരിക്കാവുന്നതുമാണ്" എന്നവാക്കിനുപകരം "രൂപീകരിക്കേണ്ട തുമാണ്" എന്ന വാക്ക് ചേർക്കുക എന്ന 131-ാംനമ്പർ ഭേദഗതിയും ഖണ്ഡം 3(6) (ഐ) യ്ക്ക് ശേഷം ഇനം (ജെ) ആയി താഴെപ്പറയുന്നവ ചേർക്കുക.

" (ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്;" എന്ന 180-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 126, 177 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 127, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 141, 146, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 142, 159, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. പി. ജയരാജൻ: 143, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 144, 163, 178 എന്നീ നമ്പർ ഭേദഗതികൾ അവത രിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 152, 164 എന്നീ നമ്പർ ഭേദഗതികൾ അവതരി പ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 155, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 171-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):: ശ്രീ. കെ. ബാബു അവതരിപ്പിച്ച ഖണ്ഡം 3 (1)-ൽ (2) "ആവിഷ്ക്കരിച്ചതിനുശേഷം" എന്നതിനുപകരം "ആവിഷ്കരിച്ചാലുടനേ" എന്നുചേർക്കുക എന്ന 126-ാം നമ്പർ ഭേദഗതിയിലെ 2-ാമത്തെ ഉൾപ്പിരിവും ഖണ്ഡം 3 (6) (ജി)-യിൽ

(1) "സ്ഥലം വാങ്ങുന്നതിനോ" എന്ന വാക്കുകൾക്ക് ശേഷം "വീടും സ്ഥലവും കൂടി വാങ്ങുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക

(2) "വീടു നിർമ്മിക്കുന്നതിനോ" എന്ന വാക്കുകൾക്ക് ശേഷം "വീടിന്റെ അറ്റകുറ്റപ്പണികൾക്കോ വീടു പുതുക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക എന്ന 177-ാം നമ്പർ ഭേദഗതിയും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച ഖണ്ഡം 3 (3)-ൽ "നിർണ്ണയിക്കപ്പെട്ടിട്ടുള്ള" എന്ന വാക്കിനുപകരം "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക എന്ന 141-ാം നമ്പർ ഭേദഗതിയും ഖണ്ഡം 3(4)-ൽ "4 നിധിയിൽ താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്" എന്ന അക്കത്തിനും വാക്കുകൾക്കും പകരം "(4) നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്" എന്ന അക്കവും ബ്രാക്കറ്റും വാക്കുകളും ചേർക്കുക എന്ന 146-ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച ഖണ്ഡം 3 (3)-ൽ "എണ്ണമെങ്കിലും"

എന്നതിനുപകരം "തുകയ്ക്കെങ്കിലും" എന്നുചേർക്കുക എന്ന 142-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഖണ്ഡം 3 (3)-ന്റെ വിശദീകരണത്തിൽ "വാർഷിക ശരാശരിയാണ്" എന്നതിനുപകരം "ത്രൈമാസിക ശരാശരിയാണ്" എന്ന് ചേർക്കുക എന്ന 143-ാം നമ്പർ ഭേദഗതിയും ഖണ്ഡം 3 (4) (ജി)-യിൽ "സംസ്ഥാന ഭാഗ്യക്കുറി" എന്ന വാക്കിന്റെയും "ക്ഷേമ നിധി" എന്ന വാക്കിന്റെയും ഇടയിൽ "ഏജന്റുമാരുടെ" എന്ന വാക്ക് ചേർക്കുക എന്ന 150-ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച ഖണ്ഡം 3 (5) ചുവടെ ചേർത്തിരിക്കുന്ന പ്രകാരം മാറ്റുക

" (5) നിധി, ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ് " എന്ന 155-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പച്ച 131, 180 എന്നീ ഔദ്യോഗിക ഭേദഗതികളും ശ്രീ.കെ. ബാബു അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതിയിലെ പിരിവ് (2)-ഉം 177-ാം നമ്പർ ഭേദഗതിയും ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 141, 146 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. മുരളി അവതരപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 143, 150 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. ജോർജ് മേഴ്സിയറുടെ 186-ാം നമ്പർ ഭേദഗതിയിലെ പിരിവ് (2) "രണ്ട് വർഷത്തിലൊരിക്കൽ" എന്ന വാക്കുകൾക്ക് പകരം "കാലാകാലങ്ങളിൽ" എന്ന വാക്കുകൾ ചേർക്കുക എന്ന 186-ാം നമ്പർ ഭേദഗതിയിലെ പിരിവ് (2)-ഉം ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ ഖണ്ഡം 4(5)-ൽ "അവസാനിക്കുന്നതാണ്" എന്ന വാക്കിന് പകരം "നഷ്ടപ്പെടുന്നതാണ്"എന്ന വാക്ക് ചേർക്കുക എന്ന 192-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ ഖണ്ഡം 4(5)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ ബോർഡിന് ബോദ്ധ്യമാവുന്ന ന്യായമായ കാരണങ്ങളാൽ അംഗത്വം പുന:സ്ഥാപിച്ചു കൊടുക്കാൻ ബോർഡിന് അധികാരമുണ്ടായി രിക്കുന്നതാണ്" എന്ന 196-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 181, 191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 185-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 188-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 189-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 195-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ ഖണ്ഡം 6(4)-ൽ "അംഗങ്ങളിൽ" എന്ന വാക്കിനുശേഷം "നിന്ന്" എന്ന വാക്ക് കൂട്ടിച്ചേർക്കുക എന്ന 200-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 197, 201 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 198-ാം നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 204-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. എം. മുരളി അവതരിപ്പിച്ച ഖണ്ഡം 6(3)(ബി)-ൽ "കേരള" എന്ന വാക്ക് നീക്കം ചെയ്യുക. എന്ന 197-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച ഖണ്ഡം 6(3)(സി)-ൽ "സെക്രട്ടേറിയറ്റിലെ" എന്ന വാക്ക് നീക്കം ചെയ്യുക എന്ന 198-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 206-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 207-ാം നമ്പർ ഭേദഗതി അവത രിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 211-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എം. മുരളി: 213-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 217-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. എം. മുരളി അവതരിപ്പിച്ച ഖണ്ഡം 8(1)-ൽ "അനൗദ്യോഗിക അംഗങ്ങൾ" എന്നതിനു ശേഷം "ബോർഡു രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉണ്ടാകുന്ന തീയതി മുതൽ" എന്നു ചേർക്കുക എന്ന 213-ാംനമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. മുരളി അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 220-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 223-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

10-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 224-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

11-ാം വകുപ്പ്

ശ്രീ. കെ. ബാബു: 225, 228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 227-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

12-ാം വകുപ്പ്

ശ്രീ. എം. മുരളി: 229-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

13 മുതൽ 17 വരെയുള്ള വകുപ്പുകൾ

13 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

18-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 231-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

19 മുതൽ 21 വരെയുള്ള വകുപ്പുകൾ

19 മുതൽ 21 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19 മുതൽ 21 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

22-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 232-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

23-ഉം 24-ഉം വകുപ്പുകൾ

23-ഉം 24-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ഉം 24-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

പട്ടിക

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പട്ടികയിലെ 5-ാം ഇനത്തിൽ "നിർവ്വാഹക സമിതിയെ" എന്ന വാക്കുകൾക്കു പകരം "ബോർഡിനെ എന്ന വാക്ക് ചേർക്കേണ്ടതാണ് എന്ന 233-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി  സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. മുരളി: 107, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 108, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(3) 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രവാസി മലയാളികൾക്കുവേണ്ടി ആദ്യമായിട്ടാണ് ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നത്. ഐ.എൽ.ഒ. യുടെ കണക്കനുസരിച്ച് പതിനേഴരക്കോടി പ്രവാസി തൊഴിലാളികളാണ് വിവിധ രാജ്യങ്ങളിലായി പണിയെടുക്കുന്നത്. അതിൽ 9 ശതമാനവും കേരളീയരാണ്. രാഷ്ട്രത്തിനുവേണ്ടി മഹത്തായ സേവനമനുഷ്ഠിക്കുന്ന, അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ബില്ലാണിത്. വളരെ പ്രയാസകരമായ ചുറ്റുപാടിൽ പണിയെടുക്കേണ്ടിവരുന്ന ഇവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ നിയമ നിർമ്മാണം നടത്തുന്നത്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കണക്കനുസരിച്ച് 2006-2007-ൽ നമ്മുടെ രാജ്യത്തെ പ്രവാസി ഇൻഡ്യക്കാർ നേടിയ വിദേശ നാണ്യം 29.740 ബില്യൻ ഡോളറാണ്. നാൽപ്പത് ലക്ഷത്തോളം ആളുകൾ കേരളത്തിന് പുറത്തുപോയി പണിയെടുക്കുന്നുണ്ട്.

ഇവരിൽ അപകടകരമായ സാഹചര്യങ്ങളിലും നിർമ്മാണ മേഖലകളിലും ഓയിൽ കമ്പനികളിലും പണിയെടുക്കുന്നവരുണ്ട്. തൊഴിലിനുവേണ്ടി വിദേശ രാജ്യങ്ങളിൽ പോയി കമ്പനികളിൽ ദുസ്സഹമായ ജീവിതം പേറിക്കഴി യുന്ന സഹോദരങ്ങൾക്കുവേണ്ടിയാണ് ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവരാൻ തീരുമാനിച്ചത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ഗണ്യമായി ഇടിഞ്ഞതിന്റെ ഫലമായി വിദേശ രാജ്യങ്ങളിൽ തൊഴിലവസര ങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടെ പണിയെടുക്കുന്ന ആളുകൾ നാട്ടിലേയ്ക്ക് വരാൻ നിർബന്ധിതരാകുകയാണ്. അവരുടെ ഭാവി ജീവിതത്തിന് യാതൊരു ഉറപ്പുമില്ല. തിരിച്ചുവരുമ്പോൾ വീടിനും നാടിനും അവർ ഭാരമായി മാറുകയാണ്. രാഷ്ട്രത്തിനുവേണ്ടി പണിയെടുക്കാൻ വിദേശ ത്തുപോയിവരുന്ന സഹോദരങ്ങൾക്ക് ഒരു ക്ഷേമപദ്ധതിയുമില്ലാത്ത പശ്ചാത്തലത്തിലാണ് ഒരു നിയമനിർമ്മാണത്തിന് തയ്യാറായത്. പാലോളി കമ്മീഷന്റെ ശുപാർശകളിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശംതന്നെ പ്രവാസി മലയാളികൾക്കുവേണ്ടി ഒരു ക്ഷേമപദ്ധതി കൊണ്ടുവരണമെന്നുള്ളതാണ്. അത് ഇവിടെ സാക്ഷാത്കരിക്കപ്പെടുകയാണ്. കേരള പ്രവാസി സംഘം ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് നല്ല സംഭാവന നൽകിയിട്ടുണ്ട്. 1996-ൽ രൂപീകരിച്ച നോർക്ക സെൽ ഇപ്പോൾ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കുറേയധികം ക്ഷേമപദ്ധതികൾ അതിന്റെ കീഴിൽ കൊണ്ടുവരുന്നുണ്ട്. അപ്രകാരം നോർക്ക സെല്ലിന്റെ കീഴിലായിരിക്കും ഈ ക്ഷേമപദ്ധതിയും നടപ്പിലാക്കുന്നത്. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക

യാകും എന്ന കാര്യത്തിൽ സംശയമില്ല. ബിൽ ഐകകണ്ഠ്യേന പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബില്ലാണിത്. തൊഴിലില്ലായ്മ തരണം ചെയ്യുന്നതിനു വേണ്ടി ഗൾഫ് രാജ്യങ്ങളിൽ പോയി കഠിനാദ്ധ്വാനം ചെയ്ത് നാട്ടിലേയ്ക്ക് അയയ്ക്കുന്ന സമ്പത്ത് നാടിന്റെ സാമ്പത്തിക പുരോഗതിക്ക് ഒരു വഴികാട്ടി യായി മാറിയിട്ടുണ്ട്. ഈ പ്രവാസികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ വേണ്ടിയിട്ടുള്ള ബില്ലാണിത്. ക്ഷേമനിധിയുടെ എല്ലാ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്ന ഈ ബിൽ ചിരകാലമായി പ്രവാസികളുടെ ഒരു സ്വപ്നമാണ്. ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന ഇരുപത് ലക്ഷ ത്തോളം വരുന്ന മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടാൽ ജീവിത സുരക്ഷ ഉറപ്പുവരുത്തുകയാണ് ഈ ക്ഷേമനിധിയുടെ അടിസ്ഥാന ലക്ഷ്യം. പ്രവാസി കളെ ഉൾപ്പെടുത്തി കേന്ദ്രത്തിൽ ആഗോള ഉപദേശകസമിതി രൂപീകരിക്കുന്ന തുപോലെ കേരളത്തിലും ഒരു ഉപദേശക സമിതി രൂപീകരിക്കണം. കേരള സംസ്ഥാനത്തിലെ പ്രവാസികളുടെ അറിവും അനുഭവസമ്പത്തും സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടിയായിരിക്കണം അത് രൂപീകരിക്കേണ്ടത്. ജീവകാരുണ്യ

പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള വിദേശ ഇൻഡ്യാക്കാരെ കണ്ടെത്തി അവരുടെ സംഭാവനകൾ സ്വരൂപിച്ച് ശരിയായ രീതിയിൽ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയണം. വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകണം. പ്രവാസികൾക്ക് ഇൻഷ്വറൻസ് സ്കീം രൂപീകരിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തുകയും അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുകയും വേണം. മതിയായ യാത്രാ രേഖകളില്ലാതെ സ്പോൺസർമാരാൽ കബളിപ്പിക്കപ്പെട്ട് ജോലി നഷ്ടപ്പെടുന്നവരുടെ സഹായത്തിനായി ഒരു ക്ഷേമ കൗൺസിൽ രൂപീകരിക്കുന്ന കാര്യം ബില്ലിൽ ഉൾപ്പെടുത്തണം. കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാൻ ക്ഷേമബോർഡിന്റെ കീഴിൽ ഒരു കേരള എയർലൈൻ പദ്ധതിക്ക് രൂപം നൽകണം. പ്രവാസി മലയാളികൾക്ക് കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഈ നിയമം മാതൃകാപരമായ രീതിയിൽ നടപ്പിലാക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസികളായ കേരളീയരെ സംബന്ധിച്ചിടത്തോളം വളരെ നിരാശാജനകമായിട്ടുള്ള ഒരു നിയമനിർമ്മാണമാണിത്. പ്രവാസി കളിൽ 60 ശതമാനംപേർ ക്ഷേമനിധിയിൽ അംഗത്വമെടുക്കുമെന്ന് ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. 504 കോടി രൂപയാണ് ഒരു വർഷം അംശദായമായി ലഭിക്കുന്നത്. രണ്ട് ശതമാനം മാത്രം സർക്കാരിന്റെ വിഹിതമായി ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും വിദേശ പ്രവാസികൾക്ക് 300 രൂപയും

ഭാരതീയ പ്രവാസികൾക്ക് 100 രൂപയുമായി അംഗത്വഫീസ് വർദ്ധിപ്പിച്ചതും അനീതിയാണ്. അവർ ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയാലും 300 രൂപ അടയ്ക്കണമെന്നുള്ളത് ക്രൂരതയാണ്. ഇരുപത്തിയാറ് കോടിയോളം രൂപ ഭരണച്ചെലവിനുവേണ്ടി ചെലവഴിക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒന്നുകിൽ ആകെ സ്വരൂപിക്കുന്ന തുകയുടെ ഒരു ശതമാനമാക്കി ഭരണ ച്ചെലവ് ക്രമീകരിക്കണം,. അല്ലെങ്കിൽ അഞ്ചുകോടി രൂപവരെ ആകാവുന്ന രീതിയിൽ നിയമത്തിൽ ആവശ്യമായ കുറവ് വരുത്തണം. വിദേശ മലയാളികൾ നാട്ടിൽ തിരിച്ചെത്തിയാൽ കൽപ്പിതാംഗമാകുന്നതിനുള്ള വ്യവസ്ഥ പുന:പരിശോധിച്ച് കുറഞ്ഞ നിരക്കിൽ വിഹിതം അടയ്ക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യണം. രണ്ടുവർഷം വിദേശത്ത് ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്തവർക്കും വിദേശത്തുനിന്ന് നാട്ടിലെത്തി അൻപത്തിയഞ്ചുവയസ്സുകഴിഞ്ഞ അവശതയനുഭവിക്കുന്നവർക്കും ഈ ക്ഷേമിനിധിയിൽ അംഗമാകാനുള്ള വ്യവസ്ഥ ബില്ലിൽ കൊണ്ടുവരണം. തൊഴിൽ സംബന്ധമായ കാര്യങ്ങളാൽ ജയിലിൽ കഴിയുന്നവരെ പുറത്ത് കൊണ്ടുവരാൻ ആവശ്യമായ തുകകൂടി ഈ ക്ഷേമനിധിയിൽനിന്ന് നൽകാനുള്ള വ്യവസ്ഥയുണ്ടാകണം. വിദേശ രാജ്യങ്ങളിലെ മലയാളികളുടെ കഠിനാധ്വാനമാണ് കേരളത്തിന്റെ സമഗ്രമായ വികസനത്തിന്റെ പ്രധാന കാരണമെന്ന നിലയിൽ അവരുടെ തൊഴിൽ മേഖലകളിലെ കാര്യങ്ങളിലും മറ്റു ക്ഷേമ കാര്യങ്ങളിലും സർക്കാർ പ്രത്യേക താൽപര്യം എടുത്ത് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും മറ്റും സംസ്ഥാനത്തെ കുട്ടികൾക്ക് ഒരു ഫീസ് നിരക്കും എൻ.ആർ.ഐ. ക്വാട്ട യിൽ അതിന്റെ മൂന്നിരട്ടിയോളം ഫീസും എന്ന വിവേചനം അവസാനിപ്പി ക്കണം. ജനപ്രാതിനിധ്യ നിയമത്തിലും ഭരണഘടനയിലും ആവശ്യമായ

ഭേദഗതി വരുത്തി മുഴുവൻ വിദേശ ഇൻഡ്യക്കാർക്കും വോട്ടവകാശം ഉറപ്പു വരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ബില്ലിലെ 8-ാം വകുപ്പ് അനുസരിച്ച് ക്ഷേമനിധി ബോർഡിൽ 15 അംഗങ്ങളുണ്ടെങ്കിലും വിദേശ മലയാളികളുടെ നാല് പ്രതിനിധികൾ മാത്രമാണ് ഡയറക്ടർ ബോർഡിലുള്ളത്. അത് അഞ്ചാക്കി ഉയർത്തുകയും ഗൾഫ് മേഖലയിൽ നിന്നും മൂന്നുപേർ ഉണ്ടാകണമെന്ന് വ്യവസ്ഥ ചെയ്യുകയും വേണം. പ്രവാസി കേരളീയരുടെ ക്ഷേമത്തിനുതകുന്ന ഒട്ടേറെ കാര്യങ്ങൾ ഇനിയും ബില്ലിൽ ഉൾപ്പെടുത്താനുള്ളതുകൊണ്ട് വിദേശ മലയാളി സംഘടനകളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം ആവശ്യമായ മാറ്റം വരുത്തി ബിൽ പാസ്സാക്കാൻ സർക്കാർ തയ്യാറാകണം. ഗൾഫ് നാടുകളിലേയ്ക്കുള്ള വിമാന ചാർജ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സീസൺ സമയത്ത് ചാർജ് വർദ്ധിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. സംസ്ഥാനത്തിന്റേതായ വിമാന സർവ്വീസ് വിദേശ രാജ്യങ്ങളിലേയ്ക്ക് ആരംഭിക്കണം. ഇൻഡ്യയിലെ മറ്റിതര സംസ്ഥാനങ്ങളിലെ മലയാളി കേന്ദ്രങ്ങളിൽ കേരള സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. ഈ നിയമം അപൂർണ്ണമാണ്. ഇനിയും ഒട്ടേറെ ഭേദഗതികൾ ആവശ്യമായി വരും.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 55 വയസ്സ് കഴിഞ്ഞവർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി പുതിയ ഒരു ഭേദഗതി ബില്ലിൽ കൊണ്ടുവരുന്നുണ്ട്. ഈ ബിൽ പാസ്സാകുന്നതോടുകൂടി വിവിധ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാരിന്റെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വ്യക്തികളുടെയും

സഹകരണത്തോടുകൂടി നല്ലൊരു ഫണ്ട് സ്വരൂപിക്കാനും സ്വദേശത്തും വിദേശത്തും കഴിയുന്ന പ്രവാസി കേരളീയരെ സംരക്ഷിക്കാനാവശ്യമായ വിപുലമായ പദ്ധതി തയ്യാറാക്കാനും കഴിയും. ബില്ലിന്റെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്തുകയെന്നുള്ളത് പ്രായോഗികമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ഗുരുദാസൻ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

120(1) ഖണ്ഡം 2 (എം)-ന്റെ വിശദീകരണത്തിൽ "സെക്രട്ടറിക്കോ" എന്ന വാക്കിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ഖണ്ഡം 2 (റ്റി), (യു) എന്നിവ യഥാക്രമം (യു), (വി) എന്നിവയായി പുന:ക്രമീകരിക്കേണ്ടതും അപ്രകാരം പുന:ക്രമീകരിക്കപ്പെട്ട ഖണ്ഡം (യു) വിനു മുമ്പായി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് -

"(റ്റി) "പ്രത്യേക സഹായനിധി" എന്നാൽ ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രത്യേക സഹായനിധി

എന്നർത്ഥമാകുന്നു." ഇതിനു പുറമേ ഖണ്ഡം 2 (ജി)-ൽ "അവിവാഹിതരായ സഹോദരിമാരും" എന്ന വാക്കുകൾക്ക് പകരം "വിവാഹിതരായ സഹോദരിമാരും" എന്ന് ചേർക്കുക എന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 121, 137, 144, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 122, 131, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: 129, 132, 133, 136, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ : 135-ാം എന്നീ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 139, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 148-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 2 (എം) (1)-ൽ (i) "ജോലി ചെയ്യുന്നതുമായ"എന്ന വാക്കിനു പകരം ''ഉപജീവനാർത്ഥം

താമസിക്കുന്നതുമായ" എന്ന വാക്കുകൾ ചേർക്കുക എന്ന 143-ാം നമ്പർ ഭേദഗതി "വിദേശത്ത് ജോലി ചെയ്യുന്നതുമായ" എന്ന വാക്കുകൾക്ക് പകരം ''വിദേശത്ത് ജോലി ചെയ്യുന്നതോ ഉപജീവനാർത്ഥം താമസിക്കുന്നതോ ആയ" എന്ന വാക്കുകൾ ചേർത്ത് വാചകത്തിന്റെ ഘടനയിൽ മാറ്റം വരുത്തി സ്വീകരിക്കാവുന്നതാണ്. ശ്രീ. എം. മുരളി അവതരിപ്പിച്ച ഖണ്ഡം 2 (ജി)-ൽ "അവിവാഹിതരായ സഹോദരിമാരും" എന്നതിന് പകരം "വിധവയായ സഹോദരിയും" എന്ന് ചേർക്കുക എന്ന 134-ാം നമ്പർ ഭേദഗതി "അവിവാഹിതരായ സഹോദരിമാരും വിധവയായ സഹോദരിമാരും" എന്ന് മാറ്റം വരുത്തി സ്വീകരിക്കാവുന്നതാണ്. ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയും മാറ്റം വരുത്തിയ പ്രകാരം സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3, 2-ാം ഉപഖണ്ഡത്തിന്റെ (സി) ഇനത്തിൽ, എവിടെയെല്ലാം "അല്ലെങ്കിൽ" എന്ന വാക്ക് ചേർത്തിട്ടുണ്ടോ അവയെല്ലാം വിട്ടുകളയേണ്ടതാണ്.

ശ്രീ. തോമസ് ചാഴികാടന്റെ ഖണ്ഡം 3(4) (ഇ)-യിൽ "ചെലവ് വഹിക്കുന്നതിന്" എന്ന വാക്കുകൾ ഒഴിവാക്കുക എന്ന 181-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. അതിന് പുറമേ "ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ" എന്ന വാക്കുകൾക്കു ശേഷം "അംഗമായിരിക്കുകയോ മരണപ്പെടുകയോ" എന്ന വാക്കുകളും "അംഗങ്ങൾക്ക് അവർ" എന്ന വാക്കുകൾക്കു പകരം "അംഗങ്ങൾ" എന്ന വാക്കും ചേർക്കേണ്ടതാണ് എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ : 152, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: 153, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 154, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി</u>: 155, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: 156, 158, 169, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ജയരാജൻ</u>: 157, 172 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: 159-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: 162 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: 186 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ഗുരുദാസൻ)</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 3(2) (ജി)-യിൽ "ഈ ആക്ടിന്റെ 14-ാം വകുപ്പ് പ്രകാരമോ അല്ലെങ്കിൽ ഈ ആക്ടിലെ മറ്റ് ഏതെങ്കിലും" എന്ന വാക്കുകൾക്കു പകരം "ഈ ആക്ടിലെ ഏതെങ്കിലും" എന്നും ''പ്രവാസി കേരളീയരുടെ (വിദേശം)" എന്ന വാക്കുകൾക്കു പകരം "അംഗങ്ങളുടെ" എന്ന വാക്കും ചേർക്കുക എന്ന 158-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഖണ്ഡം 3 (4)(ജി)-യിൽ "വീട് നിർമ്മിക്കുന്നതിനോ" എന്നീ വാക്കുകൾക്കുശേഷം "വസ്തു വങ്ങുന്നതിനോ വസ്തുവും വീടും കൂടി വാങ്ങുന്നതിനോ, വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനോ" എന്നു ചേർക്കുക എന്ന 185-ാം നമ്പർ ഭേദഗതിയും

സ്വീകാര്യമാണ്. ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 151, 181 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: 191-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 196, 199, 201 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 4 (4) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക. "(4) ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ വിദേശത്തു നിന്നും തിരികെവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചു വന്നയാൾ എന്ന നിർവ്വചനത്തിൽ വരുന്ന അംഗങ്ങൾ

പ്രതിമാസം 100 രൂപ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.”

എന്ന 199-ാം നമ്പർ ഭേദഗതി ഖണ്ഡം 4 (4) എന്നുള്ളത് 4 (1) ആക്കി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 199- ാം നമ്പർ ഭേദഗതി ഭേദഗതി വരുത്തിയപ്രകാരം സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

4-ാം ഉപഖണ്ഡത്തിൽ “സംസ്ഥാനത്തുനിന്നും പോയതിനുശേഷം” എന്ന വാക്കുകൾക്ക് പകരം “അംഗത്തിന് അർഹത നേടി” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്

5-ാം ഉപഖണ്ഡത്തിൽ "അങ്ങനെയുള്ള ഫണ്ടിൽ" എന്ന വാക്കുകൾക്കു പകരം "നിധിയിൽ" എന്ന വാക്ക് ചേർക്കണം.

ശ്രീ. പി. കെ. അബ്ദുറബ്ബ്: 204-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 206, 207, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 209- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: 210-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 211, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 216-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 6 (6) താഴെ പറയും പ്രകാരം മാറ്റുക. "അംഗങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 200 രൂപ ആയിരിക്കുന്നതാണ്" എന്ന 217-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഖണ്ഡം 7 (4)-ൽ ക്ലിപ്ത നിബന്ധന (5) എന്ന ഉപഖണ്ഡമായി അക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട 5-ാം ഉപഖണ്ഡത്തിൽ "എന്നാൽ" എന്ന വാക്കിന് പകരം "ഒരു" എന്ന വാക്ക് ചേർക്കേണ്ടതും നിലവിലുള്ള 5, 6 ഉപഖണ്ഡങ്ങൾ യഥാക്രമം 6, 7 എന്ന് പുനരക്കം ചെയ്യേണ്ടതുമാണ് എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 220, 225 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ ഗുരുദാസൻ): വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഖണ്ഡം 7(2)-ൽ "പുനരുജ്ജീവിപ്പിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "പുന:സ്ഥാപിക്കാവുന്നതുമാണ്" എന്ന

വാക്കു ചേർക്കുക എന്ന 220-ാം നമ്പർ ഭേദഗതിയും ഖണ്ഡം 7(5)-ൽ "പുനരുജ്ജീവിപ്പിക്കേണ്ടതും" എന്നതിന് പകരം "പുന:സ്ഥാപിക്കേണ്ടതും" എന്ന് ചേർക്കുക എന്ന 225-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 220, 225 എന്നീ ഭേദഗതികളും സഭ അംഗീകരിച്ചു.

222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> ഖണ്ഡം 7-നുശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർക്കേണ്ടതും, നിലവിലുള്ള 8 മുതൽ 29 വരെയുള്ള ഖണ്ഡങ്ങൾ യഥാക്രമം 9 മുതൽ 30 വരെ ഖണ്ഡങ്ങളായി പുനരക്കം ചെയ്യേണ്ടതും ആകുന്നു.

"8 <u>പ്രവാസി കേരളീയർ (വിദേശം)ക്ക് വേണ്ടിയുള്ള പ്രത്യേക സഹായനിധി-</u> (1) ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ള പ്രവാസി കേരളീയർ(വിദേശം)ക്ക് ചികിത്സാസഹായമോ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും തരത്തിലുള്ള അത്യാവശ്യ സഹായങ്ങളോ നൽകുന്നതിനുവേണ്ടി ഭാരതത്തിലോ വിദേശത്തോ ഉള്ള ഏതെങ്കിലും വ്യക്തിയിൽ നിന്നോ സംഘടനയിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ കേന്ദ്ര സംസ്ഥാന

സർക്കാരുകളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഏതെങ്കിലും ഉറവിടങ്ങളിൽ നിന്നോ ഉള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ അനുസരിച്ച് ഒരു പ്രത്യേക സഹായനിധി രൂപീകരിക്കാവുന്നതാണ്.

(2) പ്രത്യേക സഹായനിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്. "എന്ന 228-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന പേക്ഷിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരം 7-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഖണ്ഡം 8, 4-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,-

"(4) ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ് "എന്ന 229 -ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 230-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 231, 232, 251, 254 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 233, 249 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ.സി. ജോസഫ്: 235, 236, 241, 245 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: 243 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 246 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 255 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 229-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 8(3) (i)-ൽ "നാല് "എന്നതിനു പകരം "അഞ്ച് "എന്നും ഖണ്ഡം 8(3) (ii)-ൽ "മൂന്ന്" എന്നതിനു പകരം "രണ്ട്" എന്നും മാറ്റുക എന്ന 231-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 256, 258, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

10-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 262-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 263-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 264, 266 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഖണ്ഡം 10(1)(ബി)-യിൽ "ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ " എന്നതിനുശേഷം "പ്രവാസി പദവി നഷ്ടപ്പെട്ടിട്ടുണ്ടെന്നോ" എന്നതു കുടി ചേർക്കുക എന്ന 263-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഖണ്ഡം 10(2)-ൽ "നിയമിക്കപ്പെടുന്നതിന് " എന്ന വാക്കിനു പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന്" എന്ന വാക്കുകൾ ചേർക്കുക എന്ന 264-ാം നമ്പർ ഭേദഗതിയും

ഖണ്ഡം 10(3)-ൽ "നിയമിക്കപ്പെടുന്നതിന്"എന്ന വാക്കിനു പകരം നാമ നിർദ്ദേശം ചെയ്യപ്പെടുന്നതിന്"എന്ന വാക്കുകൾ ചേർക്കുക എന്ന 266-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 264, 266 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

11-ാം വകുപ്പ്

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

13-ാം വകുപ്പ്

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: 278-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

14-ാം വകുപ്പ്

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

15-ാം വകുപ്പ്

ശ്രീ. എം.എ. വാഹീദ്: 282-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: 283-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 284-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

16-ാം വകുപ്പ്

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

17-ാം വകുപ്പ്

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: 286-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

18 മുതൽ 22 വരെയുള്ള വകുപ്പുകൾ

18 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 290-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 292-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

24-ാം വകുപ്പ്

ശ്രീ. കെ.സി. ജേസഫ്: 293-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

25-ാം വകുപ്പ്

ശ്രീ. എ.പി. അനിൽകുമാർ: 294-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

26-ാം വകുപ്പ്

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

27-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: 295-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസുംവകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

28-ഉം 29-ഉം വകുപ്പുകൾ

28-ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

പട്ടിക

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പട്ടികയിലെ 18-ാം ഇനത്തിനുശേഷം താഴെ പറയുന്ന പുതിയ ഇനം

ചേർക്കേണ്ടതും, നിലവിലുള്ള 19-ാം ഇനം 20-ാം ഇനമായി പുനരക്കം ചെയ്യേണ്ടതും ആകുന്നു,-

"19. പ്രത്യേക സഹായനിധിയുടെ രൂപീകരണം, പ്രസ്തുത നിധിയിൽ നിന്നും നൽകാവുന്ന ആനുകൂല്യങ്ങൾ, കണക്കുകൾ സൂക്ഷിക്കേണ്ട രീതി, ഭരണ നിർവ്വഹണം, പ്രസ്തുത നിധിയിൽ നിന്നും സഹായങ്ങൾ നൽകുന്നതിനുള്ള നടപടിക്രമം" എന്ന 296-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ.സി. ജോസഫ്: 107, 111, 112, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.ജോസഫ് എം. പുതുശ്ശേരി: 108, 109, 114, 117 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 110 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച ദീർഘശീർഷകത്തിൽ "ഗുണത്തിനായി" എന്ന വാക്കിന് പകരം "ക്ഷേമത്തിനായി " എന്ന വാക്ക് ചേർക്കുക എന്ന 109-ാം നമ്പർ ഭോദഗതിയും പീഠികയിൽ "ഗുണത്തിനായി" എന്ന

വാക്കിനുപകരം "ക്ഷേമത്തിനായി " എന്ന വാക്ക് ചേർക്കുക എന്ന 114-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 109, 114 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റുഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ ഗുരുദാസൻ): 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ്: പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമിനിധി രൂപീകരിക്കുന്നതിനും പ്രവാസി കേരളീയരുടെ ഗുണത്തിനായി അവരുടെ കമ്പനികളോ സഹകരണ സംഘങ്ങളോ, അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളോ പ്രൊമോട്ട് ചെയ്യുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ എന്ന നിലയിൽ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ആഗോള പ്രതിസന്ധി

യുടെ കാലത്തുപോലും ഇന്ത്യയുടെ ഇക്കോണമിയെ പിടിച്ചുനിർത്തുന്നതിൽ വിദേശ മലയാളികളുടെ പങ്ക് വളരെ വലുതാണ്. കേരളത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി നിസ്തുല പങ്കുവഹിച്ച 85 ശതമാന ത്തോളം വരുന്ന ഗൾഫ് മലയാളികൾക്ക് ഈ ബില്ലിൽ പ്രത്യേക പരിഗണന നൽകണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഈ ബില്ലിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. പ്രവാസികളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികൾ നടപ്പി ലാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: വിദേശമലയാളി സംഘടനകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ട് പുതിയ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. തോമസ് ചാണ്ടി: ഗൾഫ് മലയാളികൾക്ക് ഈ ബില്ലിൽ കുടുതൽ പരിഗണന നൽകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ലോകത്തിനു തന്നെ മാതൃകയായിത്തീരുന്ന ഈ ബിൽ ഐകകണ്ഠ്യേന അംഗീകരിച്ച് പാസ്സാക്കാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. നിയമനിർമ്മാണത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(4) 2008-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. മുരളി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനുവേണ്ടി മറ്റ് സർവ്വകലാശാലകളുടെ കാര്യത്തിലെന്നതുപോലെ ഒരു പ്രോ-വൈസ് ചാൻസലറുടെ തസ്തിക സൃഷ്ടിക്കുവാനും അദ്ദേഹത്തിന്റെ നിയമന രീതിയും അധികാരങ്ങളും കടമകളും ആക്ടിൽ വ്യവസ്ഥ ചെയ്യുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നാണ് പറയുന്നത്. ഒരു ഫെഡറൽ സ്വഭാവവുമില്ലാത്ത, ഒരു കാമ്പസ്സിൽ മാത്രം പരിമിതപ്പെട്ട ഈ സംസ്കൃത സർവ്വകലാശാലയിൽ ഒരു പ്രോ-വൈസ് ചാൻസലറെ നിയമിക്കേണ്ട ഒരു സാഹചര്യവുമില്ല. രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് പ്രോ-വൈസ് ചാൻസലറുടെ പോസ്റ്റ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാണ്. പി.വി.സി.യുടെ ഫംഗ്ഷൻസിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന സെക്ഷൻ 24 വളരെ വിചിത്രമാണ്. വൈസ് ചാൻസലറുടെ താൽക്കാലിക അഭാവത്തിൽ . പി.വി.സി.ക്ക് അധികാരം കൊടുക്കുന്നത് ആപൽക്കരമാണ്. അതു തെറ്റായ പ്രവണതകൾക്ക് തുടക്കം കുറിക്കും. സംസ്കൃത സർവ്വകലാശാലയിൽ ഒരു പി.വി.സി.. തസ്തിക സൃഷ്ടിക്കാനുള്ള ഭേദഗതി യൂണിവേഴ്സിറ്റിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. ക്ലാസ്സ്-10-ലെ ഭേദഗതി ന്യായീകരിക്കാവുന്ന കാര്യമല്ല. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാന് പകരം ഒരു റെഗുലർ വിദ്യാർത്ഥി പ്രതിനിധിക്കും

സിൻഡിക്കേറ്റിൽ അംഗമാകാം എന്ന പ്രൊവിഷൻ എടുത്തുകളയണം. സിൻഡിക്കേറ്റിൽ അംഗങ്ങളായി വരുന്ന 3 പേരും റെഗുലർ അദ്ധ്യാപകരായിരിക്കണം. സർവ്വകലാശാലകളുടെ മഹത്വം കുറയ്ക്കാൻ പാടില്ല. ധനകാര്യ വകുപ്പിനെ പ്രതിനിധാനം ചെയ്യുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭാത്തിൽ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ആളെ ചുമതലപ്പെടുത്തണം. ഭാവിയിൽ സംസ്കൃത സർവ്വകലാശാലയിൽ ഭരണപ്രതിസന്ധിയും ആഭ്യന്തരകലഹവുമുണ്ടാക്കാൻ കാരണമാകുന്ന നിലയിലേയ്ക്ക് ദുരുദ്ദേശപരമായി കൊണ്ടുവരുന്ന ഈ ഭേദഗതി ബിൽ പാസ്സാക്കാൻ പാടില്ല.

ശ്രീ. എ.പി. അനിൽകുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്കൃത സർവ്വകലാശാലയിൽ മൂന്ന് അദ്ധ്യാപക പ്രതിനിധികളേയും ഒരു വിദ്യാർത്ഥി പ്രതിനിധിയേയും നോമിനേറ്റ് ചെയ്യുന്നതോടൊപ്പം പി.വി.സി.യെയും നിയമിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു പി.വി.സി.യെ നിയമിക്കുന്നത് സാമ്പത്തിക ബാധ്യതയുള്ള കാര്യമാണ്. നിലനില്പ്പിനുതന്നെ ഭീഷണിയായി സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്കൃത സർവ്വകലാശാല നീങ്ങുമ്പോഴാണ് സർക്കാർ പി.വി.സി.യെ നിയമിക്കാൻ പോകുന്നത്. ഈ സർവ്വകലാശാലയിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറവാണ്. പ്രസ്തുത സാഹചര്യത്തിൽ ഇവിടെ ഒരു പി.വി.സി.യേയും നാല് അംഗങ്ങളേയും നിയമിക്കാൻ പോകുന്നത് യൂണിവേഴ്സിറ്റിയെ നന്നാക്കാനാണെന്ന് പറഞ്ഞാൽ അത് ഉൾക്കൊള്ളാൻ കഴിയില്ല. രാഷ്ട്രീയ താല്പര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്. ഇവിടെ പി.വി.സി.യെ നിയമിക്കേണ്ട ഒരു അടിയന്തിര

സാഹചര്യവും നിലവിലില്ല. കേരളത്തിലെ എല്ലാ സർവ്വകലാശാലകളേയും രാഷ്ട്രീയ വേദിയാക്കി മാറ്റുന്നതിനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തി ക്കൊണ്ടിരിക്കുന്നത്. ഉന്നതസ്ഥാനീയരായ വ്യക്തികൾക്കെതിരെ അടിസ്ഥാനരഹിതമായി ആരോപണങ്ങൾ ഉന്നയിക്കാൻ സർക്കാർ ശ്രമിക്കരുത്. അഴിമതി നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രതിപക്ഷത്തിന്റെ പിന്തുണ ഉണ്ടാകും. കൊയിലാണ്ടിയിൽ സംസ്കൃത സർവ്വകലാശാലാ പഠന കേന്ദ്രത്തിന് വേണ്ടി ഭൂമി വാങ്ങിയതിൽ അഴിമതി ഉണ്ടെന്നുപറഞ്ഞ് വി.സി.ക്കെതിരെ വിജിലൻസ് എൻക്വയറിക്ക് ഉത്തരവിട്ട സർക്കാർ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് നിയമനത്തിൽ ലോകായുക്ത അഴിമതി കണ്ടെത്തിയപ്പോൾ അഴിമതി നടത്തിയവരെ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. വ്യത്യസ്ത സമീപനങ്ങളാണ് കേരള സർവ്വകലാശാലായുടെയും സംസ്കൃത സർവ്വകലാശാലയുടെയും കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി യിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനദണ്ഡങ്ങൾക്കനുസൃതമായിട്ടല്ല നിയമനം നടന്നതെന്ന് പറഞ്ഞ് പിരിച്ചുവിടപ്പെട്ടവർ ഹൈക്കോടതിയുടെ പിൻബലത്തിൽ അവിടെ തുടരുകയാണ്. രാഷ്ട്രീയ താൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള ഇത്തരം പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയെ ആകെ തകർക്കും. സർവ്വകലാശാലകളിൽ രാഷ്ട്രീയ നിയമനങ്ങൾ നടത്തി രാഷ്ട്രീയ ഇടപെടലിനുള്ള വേദികളാക്കരുത്. സംസ്കൃത സർവ്വക ലാശാലയിൽ പി.വി.സി.യെ വയ്ക്കുന്നതും കൂടുതൽ സിൻഡിക്കേറ്റ് അംഗങ്ങളെ നിയമിക്കുന്നതും സാമ്പത്തിക ബാധ്യതയ്ക്കിടയാക്കും.

<u>ശ്രീ. എം. ഉമ്മർ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. യാതൊരുവിധ മൗലീകമാറ്റങ്ങളുമില്ലാത്ത ഒരു ബില്ലാണിത്. സംസ്കൃത യൂണിവേഴ്സിറ്റി

യിൽ ഒരു പി.വി.സി. തസ്തിക സൃഷ്ടിക്കുന്നതും സിൻഡിക്കേറ്റിൽ നാലംഗങ്ങളെ ഉൾപ്പെടുത്തുന്നതും അനാവശ്യമായ നടപടിയാണ്. കോൺട്രാക്റ്റ് വ്യവസ്ഥയിലുള്ള ഫാക്കൽറ്റി അദ്ധ്യാപക നിയമനം മാറ്റി യൂണിവേഴ്സിറ്റിയിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കണം. യൂണിവേഴ്സിറ്റി പഠന കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. പല പഠന കേന്ദ്രങ്ങളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത വിസ്മരിക്കരുത്. മുസ്ലീം സ്ത്രീകളടക്കം ധാരാളം പേർ സംസ്കൃത ഭാഷ യിൽ ഉന്നത ബിരുദവും ഡോക്ടറേറ്റും എടുക്കുമ്പോൾ സംസ്കൃത ഭാഷ എല്ലാവർക്കും ഉപയുക്തമാകത്തക്ക രീതിയിൽ ഈ സർവ്വകലാശാലയെ മാറ്റി യെടുക്കണം. ധാരാളം വിദേശികൾ സംസ്കൃതം പഠിക്കാനായി മുന്നോട്ടുവരുന്ന സാഹചര്യത്തിൽ വിദൂര വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കണം. സംസ്കൃത പഠനത്തോടൊപ്പം മറ്റ് വിഷയങ്ങളുടെ പഠനത്തിനും ഗവേഷണത്തിനും സൗകര്യമുണ്ടാക്കണം .ഭാരതസംസ്ാരത്തിലധിഷ്ഠിതമായ ഗണിതം, വാസ്തുവിദ്യ, ആയുർവ്വേദം, അർത്ഥശാസ്ത്രം എന്നിങ്ങനെയുള്ള ശാസ്ത്രശാഖകളിലെ അമൂല്യമായ ജ്ഞാനം പ്രസ്തുത സർവ്വകലാശാലവഴി സമൂഹത്തിന് പ്രയോജനപ്പെടുത്തണം. ബി.എഡ്. കോഴ്സ് ആരംഭിക്കണം. ഉറുദുവിൽ പി.ജി.യും എം.ഫില്ലും ചെയ്യുകയും റിസർച്ച് നടത്തുകയും ചെയ്യുന്ന കൊയിലാണ്ടിയിലെ ഏക കേന്ദ്രത്തിൽ ഗസ്റ്റ് അദ്ധ്യാപകർക്കുപകരം റെഗുലർ സ്റ്റാഫിനെയും ലൈബ്രേറിയനെയും നിയമിച്ച് കണ്ടിന്യൂസ് അസെസ്സ്മെന്റ് നടത്തുന്നതിന് ആധുനിക സൗകര്യങ്ങളുണ്ടാക്കണം. മഹത്തായ ലക്ഷ്യങ്ങൾക്കുവേണ്ടി സ്ഥാപിതമായ പ്രസ്തുത സർവ്വകലാശാലയെ സമ്പുഷ്ടവും ശക്തവുമാക്കാനുള്ള നടപടി സ്വീകരിക്കണം. അലിഗഡ് മുസ്ലീം സർവ്വകലാശാല മലപ്പുറത്തുതന്നെ

സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ബില്ലിലെ സമഗ്രമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്കൃത പഠനത്തിന് പ്രോത്സാഹനം നൽകുന്ന യുണിവേഴ്സിറ്റിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങളുണ്ടാകണം.

ശ്രീ. എം.എം. മോനായി : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രോ-വൈസ് ചാൻസലർ എന്ന തസ്തികയെ പ്രതിപക്ഷം രാഷ്ട്രീയവൽക്കരിക്കുകയാണ്. 1994-ലെ പേരന്റ് ആക്ടിൽ സെക്ഷൻ 10 പ്രകാരം ഉണ്ടായിരുന്ന ചീഫ് കൗൺസിലർ/ചീഫ് അഡ്വൈസർ എന്ന പോസ്റ്റ് വൈസ് ചാൻസലർക്ക് മുകളിലായിരുന്നു. അന്ന് എതിർപ്പൊന്നും പറയാതിരുന്നവർ പ്രോ-വൈസ് ചാൻസലർ നിയമനത്തെ സങ്കുചിതമായി കാണരുത്. പ്രോ-വൈസ് ചാൻസലർ എന്ന പോസ്റ്റ് മറ്റെന്തോ ലക്ഷ്യത്തിനുവേണ്ടിയാണ് എന്ന് പ്രതിപക്ഷം പറയുന്നത് ഇൻഡ്യയുടെ മഹത്തായ പാരമ്പര്യങ്ങളെ മറന്നുകൊണ്ടാണ്. പ്രസ്തുത പോസ്റ്റ് ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം മാത്രമാണ്. സംസ്കൃതത്തിൽ മഹത്തായ പുസ്തകങ്ങൾ എഴുതപ്പെടണമെന്നും അവ പ്രസിദ്ധീകരിക്കണമെന്നും സംസ്കൃത സാഹിത്യം, സംസ്കൃത ഭാഷ, മറ്റ് ഇൻഡ്യൻ ഭാഷകൾ എന്നിവയ്ക്ക് പ്രോൽസാഹനം നൽകണമെന്നും സംസ്കൃത സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ചുതന്നെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ശരിയായ വിധത്തിൽ കൊണ്ടുപോകാൻ സാധിക്കുന്ന രീതിയിലാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഏത് സംവിധാനത്തിനും ഫലപ്രദമായി പ്രവർത്തിക്കാൻ ക

ഴിയുന്ന ആന്തരിക സംവിധാനവും ആവശ്യമായ ചില നിയന്ത്രണങ്ങളും ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി ബിൽ കൊണ്ടു വന്നിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ടി ഇൻഡ്യൻ പ്രസിഡന്റായിരുന്ന ഡോ. ശങ്കർ ദയാൽ ശർമ്മയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ തീരുമാന മെടുക്കുകയും ഇതിന്റെ ചെലവുകൾക്കാവശ്യമായ തുകയിൽ ഒരു ഭാഗം നൽകി സഹകരിക്കാമെന്നുള്ള ഉറപ്പ് അന്നത്തെ ശൃംഗേരി മഠാധിപതി നൽകുകയും ചെയ്തിരുന്നു. അവർക്കുവേണ്ടി ചാൻസലർക്ക് താഴെ ഒരു ഓഫീസർ പദവി അന്നുണ്ടായിരുന്നത് പിന്നീട് ഇല്ലാതാകുകയാണുണ്ടായത്. ആ സ്ഥാനവും പ്രോ-വൈസ് ചാൻസലർ സ്ഥാനവും കൂടി കൂട്ടിക്കുഴയ്ക്ക രുത്. സർവ്വകലാശാലയുടെ പ്രവർത്തനത്തിലോ അപ്പോയിന്റ്മെന്റ്, ട്രാൻസ്ഫർ തുടങ്ങിയ കാര്യങ്ങളിലോ ഇടപെടാൻ കഴിയുന്ന ഒരു അഡ്മിനി സ്ട്രേറ്റീവ് പോസ്റ്റായിരുന്നില്ല അത്. യഥാർത്ഥത്തിൽ ഇതൊരു കില്ലർ ലാ ആണെന്ന് പറയാനുള്ള കാരണം 27-ാം വകുപ്പനുസരിച്ച് മന്ത്രി കൊടുക്കുന്ന പാനലിൽനിന്ന് പ്രോ-വൈസ് ചാൻസലറെ നിയമിക്കാമെ ന്നതുകൊണ്ടാണ്. അങ്ങനെയാണെങ്കിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആരെ വേണമെങ്കിലും നിയമിച്ചുകൊണ്ട് ഭരണം നടത്താൻ സാധിക്കും. മന്ത്രിയുടെ നോമിനിയെ പ്രോ-വൈസ് ചാൻസലർ ആക്കുകയും

ഏത് സന്ദർഭത്തിലും ആക്ട് ചെയ്യാനുള്ള അധികാരം കൊടുക്കുകയും ചെയ്യുമ്പോൾ പരോക്ഷമായി സർവ്വകലാശാലയുടെ ഭരണം കൈക്കലാക്കുന്നതിനുള്ള ഒരു നിയമനിർമ്മാണമായി ഇത് മാറും. സംസ്കൃത ഭാഷ പഠിപ്പിക്കുന്ന ഒരു സർവ്വകലാശാലയാക്കി ഇതിനെ നിലനിർത്തി ഒരു സംസ്കൃത വിദ്യാപീഠമാക്കി അതിന്റെ സ്റ്റാറ്റസ് ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ലോകത്തെ ഏറ്റവും സുപ്രധാനമായ ഒരു നിയമനിർമ്മാണമാണ് ഈ ഗവൺമെന്റ് നടത്തുന്നത് എന്ന തോന്നൽ ഉണ്ടാകണം. സർവ്വകലാശാലയെ വ്യക്തി വിദ്വേഷം വച്ചുകൊണ്ട് തകർക്കാതെ ശാക്തീകരിക്കണം. ഓർഡിനൻസുകളും ചെറിയ ചെറിയ അമന്റുമെന്റുകളും കൊണ്ടുവന്ന് അഡ്ഹോക് ക്രമീകരണം മാത്രം നടത്തുന്നതുകൊണ്ട് കാര്യമായ ഒരു പ്രയോജനവും ഉണ്ടാകില്ല. പ്രോ-വൈസ് ചാൻസലറുടെ പ്രായപരിധി 65 വയസ് വരെ എന്നുള്ളത് വളരെ കൂടുതലായതിനാൽ അതിൽ കുറവുവരുത്തണം. വ്യക്തിഗതമായ രൂപത്തിലുള്ള ചിന്തകൾ ഒരിക്കലും ഉന്നതമായ ഭാഷയെ ബാധിക്കാതിരിക്കാനുള്ള സമീപനമെടുക്കണം. റിനൗൺഡ് ആയിട്ടുള്ള എന്നുള്ള പഴയ വ്യവസ്ഥ മാറ്റി മൂന്ന് അദ്ധ്യാപകർ വേണമെന്നുപറയുന്നത് അദ്ധ്യപകേതര ആളുകളെ ഒഴിവാക്കാൻ വേണ്ടിയാണ്. ഇത് തെറ്റായ സമീപനമാണ്. വൈസ് ചാൻസലറും പ്രോ-വൈസ് ചാൻസലറും തമ്മിൽ വൈരുദ്ധ്യ സമീപനം എടുക്കുന്നത് ശരിയല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2008-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട അഭിപ്രായങ്ങൾ

മുന്നോട്ടുവച്ച അംഗങ്ങളോട് നന്ദി പ്രകാശിപ്പിക്കുന്നു. സംസ്കൃതവുമായി ബന്ധപ്പെട്ട് ആ ഭാഷയുടെ മഹത്വവും ചരിത്രവും പ്രതിപാദിക്കപ്പെട്ടുകൊണ്ട് വളരെ നല്ല ചർച്ച നടന്നു. അതിൽ ചില ഭേദഗതികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ചർച്ച ചെയ്തത് പ്രോ-വൈസ് ചാൻസലർ എന്ന പദവി കൊണ്ടുവന്നതിനെക്കുറിച്ചാണ്. ചീഫ് കൗൺസിലർ എന്നുള്ള ഒരു പദവി ഇവിടെയുണ്ട്. ഒറിജിനൽ നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് എന്നാണ്. പ്രോ-വൈസ് ചാൻസലറുടെ എല്ലാ അധികാരത്തോടും പദവിയോടും കൂടിയാണ് പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് പ്രവർത്തിക്കുന്നത്. അടിസ്ഥാന നിയമത്തിലുണ്ടായിരുന്ന ഒരു പദവി പുന:സ്ഥാപിക്കുക മാത്രമാണ് ഈ ഭേദഗതിയിലൂടെ ചെയ്തിട്ടുള്ളത്. വൈസ് ചാൻസലർമാർ എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് പൊതുവായ ധാരണയുണ്ട്. അധ്യപകരുടെ പ്രാതിനിധ്യം ഇന്ന് സർവ്വകലാശാല നേതൃത്വ സമിതിയിൽ ഇല്ല. ആദ്യം സർവ്വകലാശാല സെനറ്റിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യുകയാണ് ചെയ്തിരുന്നത്. അതിനുശേഷം സിൻഡിക്കേറ്റിൽവരെ വിദ്യാർത്ഥി പ്രതിനിധികൾ വരുന്ന സ്ഥിതി മറ്റെല്ലാ സർവ്വകലാശാലകളിലും ഉണ്ട്. അതുകൊണ്ടാണ് സർവ്വകലാശാലാ യൂണിയന്റെ ചെയർമാൻ സിൻഡിക്കേറ്റംഗമാകണം എന്ന് പറഞ്ഞിരിക്കുന്നത്. അതല്ലെങ്കിൽ ഒരു റഗൂലർ വിദ്യാർത്ഥിയെ സിൻഡിക്കേറ്റംഗമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ ഉണ്ടെങ്കിൽ ചെയർമാനായിരിക്കും സിൻഡിക്കേറ്റ് മെമ്പർ, ഇല്ലാതെവരുന്ന ഘട്ടത്തിൽ വേറൊരു വിദ്യാർത്ഥിയെ നോമിനേറ്റ് ചെയ്യാം. അങ്ങനെ ഒരു വിദ്യാർത്ഥി നോമിനേറ്റ് ചെയ്ത് സിൻഡിക്കേറ്റ് അംഗമായിരിക്കുമ്പോൾ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ തെരഞ്ഞെടുക്കപ്പെട്ടാൽ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാ

നാകും സിൻഡിക്കേറ്റംഗം. അത്യാവശ്യം ചില ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് ഈ സർവ്വകലാശാലയെ അക്കാദമികമായ ഔന്നത്യത്തിലേക്കുയർത്തുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. എഴുത്തു പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയവരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് സാധാരണഗതിയിലുള്ള അഭിമുഖവും നടത്തിയാണ് കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം നടത്തിയത്. ആ ഉത്തരക്കടലാസുകൾ കാണാതായത് സംബന്ധിച്ച് പ്രതിപക്ഷത്തിനും താൽപ്പര്യമാണെങ്കിൽ സി.ബി.ഐ.യെക്കൊണ്ട് തന്നെ അന്വേഷിപ്പിക്കാം. ഇപ്പോൾ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ആ ഉത്തരക്കടലാസുകൾ കണ്ടുപിടിക്കാൻ ഏതുതരത്തിലുള്ള അന്വേഷണവും നേരിടാൻ ഗവൺമെന്റ് തയ്യാറാണ്. കേരള സർവ്വകലാശാലയിൽ ഇപ്പോൾ പുതിയ വൈസ്ചാൻസലർ ചുമതല ഏറ്റെടുത്തിരിക്കുകയാണ്. കേരള സർവ്വകലാശാലയിൽ നടന്ന അസിസ്റ്റന്റ് നിയമനം റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും തുടർന്ന് സഭ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോവുകയും ചെയ്തു. കൃത്യസമയത്ത് പരീക്ഷ നടത്തുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയിലേക്ക് സംസ്കൃത സർവ്വകലാശാലയെ ഉയർത്തിയത് ഡോ.കെ.എൻ. പണിക്കർ ആ സർവ്വകലാശാലയുടെ വൈസ്ചാൻസലർ ആയിരുന്ന സമയത്താണ്. സംസ്കൃത സർവ്വകലാശാല വീണ്ടും ആ കാലഘട്ടത്തിലേയ്ക്ക് തിരിച്ചുപോകാനുള്ള സാഹചര്യം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ചുരുക്കത്തിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പുതിയ ഔന്നത്യങ്ങളിലേക്ക് എത്താൻ കഴിയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ ഭേദഗതിയിലൂടെ ഒരു വിദ്യാർത്ഥി പ്രതിനിധിയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനി

ധിയും ഒരു വനിതയടക്കം മൂന്ന് അദ്ധ്യാപക പ്രതിനിധികളും വരുന്നതോടു കൂടി ഈ സർവ്വകലാശാലയ്ക്ക് കൂടുതൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഭേദഗതി ബിൽ പാസ്സാക്കി ത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ ശ്രീ ശങ്കരാ ചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

4-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

169. For item (iii) under the heading *"Nominated Members"* in section 12 of the principal Act proposed to be substituted by sub-clause (ii) (a) of clause (4) of the Bill, the following shall be substituted, namely:-

"(iii) three teachers of the University nominated by the Government for a period of four years at a time, of whom one shall be a woman."

ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്ന In item (v) of section 12, under the heading *"Nominated Members"* proposed to be inserted in the principal Act by clause 4(ii) (b) between the words "his" and "absence" insert the following: "or her" എന്ന 147-ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി നോട്ടീസ് നൽകിയിരുന്ന After item (v) of section 12, under the heading *"Nominated Members"* proposed to be inserted in the principal Act by clause 4(ii) (b) add the following proviso:

"Provided that where a person other than the Chairperson of the University Union is nominated to the Syndicate under this item his office shall stand vacated on the election of the Chairperson of the University Union and such Chairperson shall stand nominated to the Syndicate on the date of his election" എന്ന 149-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5 മുതൽ 13 വരെയുള്ള വകുപ്പുകൾ

5 മുതൽ 13 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5 മുതൽ 13 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2008-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

2008-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**അവകാശലംഘന പ്രശ്നങ്ങൾ**

അനുമതി നിഷേധിച്ചവ

(1) മരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. യു. കുരുവിളയ്ക്കെതിരെ 2007 ജൂലായ് 25-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് അദ്ദേഹം വാസ്തവവിരുദ്ധമായ വിശദീകരണം നൽകുകയും അതുവഴി സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്നാരോപിച്ചുകൊണ്ടും ശ്രീ. സി. പി. മുഹമ്മദ് ഒരു

അവകാശംലംഘന നോട്ടീസ് നൽകിയിരുന്നു. ശ്രീ. ടി. യു. കുരുവിള സഭയിൽ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസിലെ ആരോപണങ്ങൾ ചെയർ വിശദമായി പരിശോധിച്ചതിൽ പ്രഥമദൃഷ്ട്യാ പ്രിവിലേജ് ലംഘനം നടന്നിട്ടുള്ളതായി ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. സി. പി. മുഹമ്മദിന്റെ അവകാശലംഘന നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(2) ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിലും കണ്ണൻദേവൻ ഹിൽ വില്ലേജിലും സർവ്വേ നടപടികൾ പൂർത്തിയായെന്ന വാസ്തവ വിരുദ്ധ പ്രസ്താവന ബഹു. റവന്യൂ വകുപ്പുമന്ത്രി സഭയിൽ നടത്തിയെന്നാരോപിച്ച് അദ്ദേഹത്തിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ ബഹു. മന്ത്രിയിൽനിന്നും ചെയർ വിശദീകരണം ആരാഞ്ഞു. മാങ്കുളം വില്ലേജിലെയും കണ്ണൻദേവൻ ഹിൽ വില്ലേജിലെയും സർവ്വേ നടപടികൾ പൂർത്തീകരിക്കപ്പെട്ടതാണെന്നും എന്നാൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ വൈകിയെന്നേയുള്ളൂവെന്നും നിയമസഭയെ യാതൊരു വിധത്തിലും തെറ്റിദ്ധരിപ്പിച്ചിട്ടില്ല എന്നും ബഹു. മന്ത്രി വിശദീകരിച്ചിട്ടുണ്ട്. ബഹു. അംഗം നൽകിയ അവകാശലംഘന നോട്ടീസിലെ ആരോപണങ്ങളും ബഹു. മന്ത്രിയുടെ വിശദീകരണവും ചെയർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ സഭയുടെ

അവകാശത്തെ ഹനിച്ചതായി ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. പി. സി. വിഷ്ണുനാഥ് റവന്യൂ വകുപ്പുമന്ത്രിക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

<u>ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ</u>

1. ബഹു. മുഖ്യമന്ത്രി സഭയ്ക്കകത്ത് സഭ്യേതരമായ വാക്ക് പ്രയോഗം നടത്തിയെന്ന വ്യാജ ആരോപണം ശ്രീ. കെ. എം. മാണി, എം.എൽ.എ. നടത്തിയെന്നും ആയതിന് അദ്ദേഹത്തിനെതിരെ അവകാശ ലംഘനത്തിന് നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. പി. ജയരാജൻ, ശ്രീ. എം. ചന്ദ്രൻ എന്നീ അംഗങ്ങൾ നോട്ടീസുകൾ നൽകിയിട്ടുണ്ട്.
2. പ്രതിപക്ഷ നേതാവിനെ അവഹേളനപരമായി അഭിസംബോധന ചെയ്തുവെന്ന് ആരോപിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിക്കെതിരെ ശ്രീ. ജോർജ് മേഴ്സിയർ നൽകിയ അവകാശലംഘന നോട്ടീസ്.
3. ബഹു. മുഖ്യമന്ത്രി സഭയിൽ പറയാത്ത കാര്യങ്ങൾ പറഞ്ഞതായി പത്രസമ്മേളനത്തിൽ അവകാശപ്പെട്ടുവെന്നും ഇങ്ങനെ ചെയ്ത മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ നോട്ടീസ്.
4. സഭയിൽ പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് അവകാശപ്പെടുകയും പ്രതിപക്ഷം താൻ പറഞ്ഞതിനെ വളച്ചൊടിച്ച് അപവാദ പ്രചരണം നടത്തുകയാണെന്നുമുള്ള ബഹു. മുഖ്യമന്ത്രിയുടെ

നിലപാടിനെതിരെ ശ്രീ. കെ. സി. ജോസഫ് നൽകിയ അവകാശ ലംഘന നോട്ടീസ്.

5. സഭയിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തിന് മുൻകൂർ പരസ്യം നൽകാൻ ബഹു. നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രമിച്ചുവെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ ശ്രീ.ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശലംഘന നോട്ടീസ്.
6. ബഹു. മുഖ്യമന്ത്രി സഭയിൽ പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് പത്രസമ്മേളനത്തിൽ അവകാശപ്പെട്ട ബഹു. നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രമിച്ചുവെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ ശ്രീ. എം. എ. വാഹീദ് നൽകിയ അവകാശലംഘന നോട്ടീസ്.
7. പാരമ്പര്യേതര ഊർജ്ജ കൺസൾട്ടൻസി കരാറിനെ സംബന്ധിച്ച് സഭയിൽ ഉന്നയിച്ച ചോദ്യത്തിന് ബഹു. പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി തെറ്റായ മറുപടി നൽകിയെന്ന് ആരോപിച്ച് മന്ത്രിക്കെതിരെ ശ്രീ. എ. പി. അനിൽകുമാർ നൽകിയ അവകാശലംഘന നോട്ടീസ്.
8. സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് ട്രഷറിയിൽനിന്നും ചട്ടവിരുദ്ധമായി പണം പിൻവലിച്ചതായി പറയപ്പെടുന്ന വിഷയത്തിൽ ഉന്നയിച്ച നിയമസഭാ ചോദ്യത്തിന് ബഹു. ധനകാര്യവകുപ്പുമന്ത്രി തെറ്റായ മറുപടി നൽകിയെന്ന് ആരോപിച്ച് അദ്ദേഹ

ത്തിനെതിരെ ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശ ലംഘന നോട്ടീസ്.

9. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് 2008-09 വർഷത്തിൽ മാനേജ്മെന്റ് സീറ്റിലേയ്ക്ക് നിശ്ചയിച്ച ഫീസിനെ സംബന്ധിച്ച നിയമസഭാ ചോദ്യത്തിന് വ്യത്യസ്തമായ മറുപടികൾ നൽകിയെന്ന് ആരോപിച്ച് ബഹു. വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കെതിരെയും ബഹു. സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി നൽകിയ അവകാശ ലംഘന നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

**അറിയിപ്പ്**

കേരള നിയമസഭാ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന ഡോ..എൻ.കെ. ജയകൂമാർ കൊച്ചി ആസ്ഥാനമായ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ് ലീഗൽ സ്റ്റഡീസിൽ വൈസ്ചാൻസലറായി നിയമിക്കപ്പെട്ട വിവരം സഭയെ അറിയിക്കുന്നു. 2000-2001 കാലഘട്ടത്തിൽ പത്താം കേരളനിയമസഭയുടെ കാലയളവിലും കഴിഞ്ഞ രണ്ടുവർഷവും നിയമസഭാ സെക്രട്ടറിയെന്ന നിലയിലുള്ള ഡോ. എൻ.കെ. ജയകുമാറിന്റെ സേവനത്തെ സഭ നന്ദിയോടെ സ്മരിക്കുന്നു. പുതിയ ചുമതലയിൽ അദ്ദേഹത്തിന് വിജയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സഭ മുമ്പാകെ മറ്റ് ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

<u>മി. സ്പീക്കർ</u>: പന്ത്രണ്ടാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനം ഇന്ന് അവസാനിച്ച് പിരിയുന്നു. പൂർണ്ണമായും നിയമനിർമ്മാണത്തിനുവേണ്ടി യാണ് നവംബർ 24 മുതൽ ഡിസംബർ 18 വരെയുള്ള 13 ദിവസങ്ങളിൽ സഭ സമ്മേളിച്ചത്. ഈ സമ്മേളനത്തിൽ മൊത്തം 16 ബില്ലുകൾ പാസ്സാക്കുകയു ണ്ടായി. നിയമസഭയുടെ മുമ്പാകെയുണ്ടായിരുന്ന 21 ഓർഡിനൻസുകളിൽ 15 എണ്ണവും നിയമമാക്കുകയുണ്ടായി. ഇതിൽ 13 ഭേദഗതി ബില്ലുകളും രണ്ടു പുതിയ ബില്ലുകളും ഉൾപ്പെടുന്നു. കൂടാതെ ഓർഡിനൻസിൽ ഉൾപ്പെടാത്ത ഒരു പുതിയ ബില്ലും സഭയിൽ അവതരിപ്പിച്ചു പാസ്സാക്കുകയുണ്ടായി. (2008 -ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി ) ബിൽ, 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2008-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ബിൽ, 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി)ബിൽ, 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച (ഭേദഗതി) ബിൽ, 2008 -ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ, 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ, 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ, 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ, 2008-ലെ ശ്രീ. ശങ്കരാ ചാര്യ സംസ്കൃത സർവ്വകലാശാല (രണ്ടാം ഭേദഗതി) ബിൽ, എന്നീ ഭേദഗതി

ബില്ലുകളും, 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ബിൽ, 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി ബിൽ എന്നീ പുതിയ ബില്ലുകളുമാണ് ഓർഡിനൻസിനുപകരമായിട്ട് പാസ്സാക്കിയത്. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ പുതിയതായി അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു.) ഇതുകൂടാതെ 2008-2009-ലെ ഉപധനാഭ്യർത്ഥനകളും അവതരിപ്പിച്ചു പാസ്സാക്കുകയുണ്ടായി. ഈ സഭാ സമ്മേളനത്തിന്റെ അവസാന രണ്ടു ദിവസങ്ങളിൽ നാല് ബില്ലുകൾ വീതമാണ് പാസ്സാക്കിയത്. ഇത്രയും ബില്ലുകൾ പാസ്സാക്കുന്നതിൽ പ്രതിപക്ഷത്തിന്റെ സഹകരണം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഒമ്പതാം സമ്മേളനത്തിൽ 188 സബ്മിഷനുകളും 22 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. നിയമനിർമ്മാണത്തിനുമാത്രമായി നടന്ന ഈ സെഷൻ വിജകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, കക്ഷി നേതാക്കൾ, മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾ, മാധ്യമ പ്രതിനിധികൾ, നിയമസഭാ ജീവനക്കാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ സഹകരണത്തിന് ചെയർ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. എല്ലാപേർക്കും ക്രിസ്തുമസ്സും നന്മനിറഞ്ഞ പുതുവത്സരാശംസകളും നേർന്നുകൊള്ളുന്നു.

സഭ വൈകുന്നേരം 6.52-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

..............